ജന്മഭൂമി
വാരാന്ത്യം
2019 മെയ് 19
ഞായർ
Janmabhumi Daily
twitter@janmabhumi
janmabhumidaily.com

കാലം പിന്നെയും കഴിഞ്ഞു എന്ന സിനിമയുടെ സെറ്റിൽ ഛായാഗ്രാഹകൻ കെ.ജി.ജയനും (ഇടത്ത്) സംവിധായകൻ കെ.പി.കുമാരനും

അപൂർവ സിനിമകളുടെ ആതിഥേയൻ

മുരളി പാറപ്പുറം

സ്വയംവരം എന്ന ചിത്രം പല നിലകളിൽ മലയാള സിനിമയുടെ സൗഭാഗ്യമാവുകയുണ്ടായി. അടൂർ ഗോപാലകൃഷ്ണൻ എന്ന സംവിധായകൻ, മധു എന്ന നടനും നടി ഷീലയും, മങ്കട രവിവർമ എന്ന ഛായാഗ്രാഹകൻ, അതുല്യനടനായി മാറിയ ഭരത് ഗോപി. ഇവർക്കൊപ്പം മറ്റെരാളുമുണ്ട്. ചിത്രത്തിന്റെ സഹതിരക്കഥാകൃത്തും സഹസംവിധായകനുമായ കെ.പി. കുമാരൻ.

സ്വയംവരത്തിന്റെ നിർമാണ കമ്പനിയായ 'ചിത്രലേഖ'യുടെ സഹസ്ഥാപകനുമായിരുന്നു കുമാരൻ. "1972-ലായിരിക്കണം അത്. ദിവാൻ ടി. മാധവ റാവുവിന്റെ പ്രതിമയ്ക്കരികെ നിൽക്കുകയായിരുന്നു ഞാൻ. സിനിമാ നിരൂപകനായ കുളത്തൂർ ഭാസ്കരൻ നായർ, ഗോപാലകൃഷ്ണൻ എന്നുപേരുള്ള സുമുഖനായ ഒരു ചെറുപ്പക്കാരനെ എനിക്ക് പരിചയപ്പെടുത്തി. പുനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഈ യുവാവ് സംവിധാനം പഠിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ." താൻ 'സ്വയംവര'ത്തിലേക്ക് എത്തിച്ചേർന്നത് ഇങ്ങനെയാണ് കെ.പി. കുമാരൻ ഓർത്തെടുക്കുന്നത്.

മലയാളത്തിൽ നവതരംഗ സിനിമയ്ക്ക് തുടക്കം കുറിച്ച സ്വയംവരം അടൂരിന്റെ സിനിമയായി അറിയപ്പെട്ടു. പക്ഷേ നവതരംഗസിനിമയുടെ ശരിയായ വക്താവും പ്രയോക്താവും ആരെന്ന ചോദ്യത്തിനുള്ള ഉത്തരം കെ.പി.കുമാരൻ എന്നുതന്നെയായിരിക്കും. ഭരതനും പത്മരാജനും മുൻപ് സമാന്തര സിനിമയുടെ ശക്തിസൗന്ദര്യം പ്രേക്ഷകരെ ഗാഢമായി അനുഭവിപ്പിക്കാൻ കഴിഞ്ഞ ഫിലിം മേക്കറാണ് കുമാരൻ.

ആദ്യ സിനിമക്കാഴ്ച

''സിനിമ എന്താണെന്ന് പഠിച്ച ശേഷം സിനിമയെടുക്കുകയായിരുന്നില്ല. സിനിമ ചെയ്ത് സിനിമ പഠിക്കുകയായിരുന്നു ഞാൻ" എന്ന് കെ.പി. കുമാരൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ തിരക്കഥാകൃത്തും സംവിധായകനുമൊക്കെ ആവുന്നതിന് വളരെ മുൻപ്, കുട്ടിക്കാലം മുതൽ തുടങ്ങുന്ന ജൈവ ബന്ധമാണത്.

ദുരന്തത്തിൽ അവസാനിച്ച ആദ്യ സിനിമാക്കാഴ്ച ഇപ്പോഴുമുണ്ട് കുമാരന്റെ മനസ്സിൽ. താനും സെക്കന്റ് ഫോമിൽ പഠിച്ചിരുന്ന കൂട്ടുകാരൻ രവിദാസുമാണ് ഈ രംഗത്തെ കഥാപാത്രങ്ങൾ. വീടിനടുത്തെ സിനിമാ ടെന്റിൽ സിനിമകൾ കാണാൻ രവിദാസിന് പാസുണ്ടായിരുന്നു. അവൻ കണ്ട സിനിമയുടെ കഥകൾ കേട്ട് എന്തുവന്നാലും സിനിമ കണ്ടേ തീരൂ എന്നായി. കാവൽക്കാരന്റെ കണ്ണുവെട്ടിച്ച് മുഷിഞ്ഞ വെള്ളത്തുണി വലിച്ചുകെട്ടിയ കൂടാരത്തിനകത്ത് കയറിയ കൂട്ടുകാർ സിനിമ കണ്ടു. കാവൽക്കാരനെ പേടിച്ച് അതിന് കഴിയാതെ തനിയെ തിരിച്ചുപോരേണ്ടിവന്നു കുമാരന്.

"വീണ്ടുമൊരു വൈകുന്നേരം അമ്മയുടെ സംശയങ്ങൾക്ക് മറുപടി നൽകാതെ മൈതാനത്തെത്തി. നേരമിരുണ്ടിരുന്നു. തിരിച്ചുപോകണമെന്നുതോന്നി. ഭീരുത്വംകൊണ്ട് തീയറ്ററിനു ചുറ്റും കറങ്ങി. വേലി ചാടുന്നതും ടെന്റിലേക്ക് കുതിക്കുന്നതും അബോധാവസ്ഥയിലായിരുന്നിരിക്കണം. മണൽ വിരിച്ച തറയിൽ കുത്തിയിരുന്ന് ആളുകൾ സിനിമ കണ്ട് രസിക്കുകയാണ്. ചിലരൊക്കെ ചീത്തവിളിക്കുന്നതും തള്ളിമാറ്റുന്നതും ഞാനറിഞ്ഞില്ല. മുന്നിൽ തിളങ്ങുന്ന വെള്ളിത്തിര. നിഴൽരൂപങ്ങൾ ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്നുണ്ട്. ഒന്നും ശ്രദ്ധിക്കാനാവുന്നില്ല. പെട്ടെന്ന് ഒരു ടോർച്ചുലൈറ്റിന്റെ പ്രകാശം കാഴ്ചക്കാർക്കിടയിൽ നീങ്ങുന്നത് എന്റെ കണ്ണിൽപ്പെട്ടു. അത് നീങ്ങി നീങ്ങി എന്നരികിലേക്ക് വരികയാണ്. കാവൽക്കാരനായിരുന്നു അത്. ചുറ്റിലും ഉയർന്ന ശബ്ദങ്ങൾ കാവൽക്കാരനെ തടഞ്ഞു. ഒരു നിമിഷം ശങ്കിച്ചുനിന്ന അയാൾ തിരിഞ്ഞുനടന്നു. ഞാൻ ആശ്വാസത്തോടെ നോക്കുമ്പോൾ ചുറ്റിലും എന്റെ വീടിനടുത്തുള്ളവർ. എന്നെ അറിയുന്നവർ... എന്തായാലും തുടർന്നു കണ്ട സിനിമ എന്നെ ഒട്ടും രസിപ്പിച്ചില്ല. പിന്നെ കുറെക്കാലം ഞാൻ സിനിമ കാണാൻ ആഗ്രഹിച്ചുമില്ല. വർഷങ്ങൾക്കുശേഷം ചലച്ചിത്രം ജീവിതമാർഗമായി സ്വീകരിച്ച കാലത്ത് ഞാൻ ചിലപ്പോഴൊക്കെ ആലോചിച്ചിട്ടുണ്ട്, ബാല്യകാലത്തുണ്ടായ ആ സംഭവത്തിന്റെ പുനരാവർത്തനമാണോ എന്റെ ഓരോ സിനിമകളുമെന്ന്."

പത്തൊൻപതാം വയസ്സിൽ ജോലി ലഭിച്ച് ഒരു മഞ്ഞുകാലത്ത് തൃശൂരിലെത്തിയ കെ.പി. കുമാരൻ അവിടെ പരിശീലനം പൂർത്തിയാക്കുന്നതിനു മുൻപേ സർക്കാർ ജോലി ലഭിച്ച് തിരുവനന്തപുരത്ത് വന്നു. വകുപ്പ് മേധാവി ആലപ്പുഴയിലേക്ക് സ്ഥലംമാറ്റിയതിനാൽ തന്നെ കാന്തംപോലെ ആകർഷിച്ച തിരുവനന്തപുരം വിട്ടുപോരേണ്ടിവന്നു. വടക്കേ മലബാറിൽ ജനിച്ചുവളർന്ന കുമാരനിൽ ഈ രണ്ട് നഗരങ്ങളും നിർണായക സ്വാധീനം ചെലുത്തി. ആലപ്പുഴയിലായിരിക്കെ ശാസ്ത്രഗ്രന്ഥങ്ങളും ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും ഉൾപ്പെടെ വായിച്ച് ബുദ്ധിയിലും മനസ്സിലും അറിവും അനുഭൂതിയും നിറച്ചാണ് തിരുവനന്തപുരത്തേക്ക് വണ്ടി കയറിയത്.

ആകാശഗോപുരം വരെ

സ്വയംവരത്തിന്റെ ശിൽപികളിലൊരാളായിരുന്നെങ്കിലും ആ ചിത്രത്തിന്റെ തുടർച്ചയായിരുന്നില്ല കെ. പി. കുമാരന്റെ ആദ്യ ചിത്രമായ അതിഥി. മലയാള സിനിമയിലേക്ക് പുതിയൊരു സൗന്ദര്യശാസ്ത്രത്തെ അതിഥിയായി കൊണ്ടുവരികയായിരുന്നു. നാല് പതിറ്റാണ്ടിനുശേഷവും മികച്ച മലയാള സിനിമയിലൊന്നായി 'അതിഥി' തലയുയർത്തിനിൽക്കുന്നു. ഓരോ ആളും ആരെയെങ്കിലുമൊക്കെ കാത്തിരിക്കുകയാണ് ചിത്രത്തിൽ. ഒടുവിൽ പ്രേക്ഷകനും അതിലൊരാളാവുന്നു. എല്ലാ അർത്ഥത്തിലും 'അതിഥി' കുമാരന്റെ സിനിമയായിരുന്നു. കഥയും തിരക്കഥയും സംവിധാനവും ഒരാൾതന്നെ. ഷീല, ബാലൻ കെ. നായർ, കൊട്ടാരക്കര ശ്രീധരൻ നായർ, പി. ജെ. ആന്റണി എന്നിങ്ങനെ കരുത്തുറ്റ താരനിരയെത്തന്നെ അണിനിരത്താൻ 'അതിഥി'യിൽ കഴിഞ്ഞു. അതിഭാവുകത്വത്തിലേക്ക് വഴുതിവീഴാത്ത ഷീല എന്ന നടിയുടെ കാതരമായ ഭാവങ്ങൾ ആവിഷ്കരിക്കാൻ കഴിഞ്ഞ സിനിമയാണ് അതിഥി.

ലക്ഷ്മി വിജയമായിരുന്നു കെ.പി. കുമാരന്റെ അടുത്ത ചിത്രം. വിഷ്ണു വിജയം എന്ന പേരിൽ നിന്നാണ് ലക്ഷ്മി വിജയവും ഉണ്ടായത്. രണ്ട് ചിത്രങ്ങളും നിർമിച്ചത് ഒരാൾ തന്നെ. പ്രമുഖ നോവലിസ്റ്റ് വി.ടി. നന്ദകുമാർ തിരക്കഥയെഴുതിയ ലക്ഷ്മി വിജയത്തിൽ സുകുമാരനും റാണി ചന്ദ്രയുമായിരുന്നു നായികാനായകന്മാർ. സുകുമാരൻ നായകനായ ആദ്യ ചിത്രം എന്ന സവിശേഷതയുമുണ്ട്. ഷാജി എൻ. കരുൺ ആദ്യമായി സ്വതന്ത്ര ഛായാഗ്രാഹകനായ ചിത്രവും ലക്ഷ്മി വിജയമാണ്.

ആദിപാപം ആയിരുന്നു കെ.പി. കുമാരന്റെ മൂന്നാമത്തെ ചിത്രം. സുകുമാരനും ശുഭയും നായികാനായകന്മാരായ ഈ ചിത്രത്തിന്റെ കഥയും തിരക്കഥയും സംവിധാനവും കുമാരനായിരുന്നു. നിർമാണവും സംവിധാനവും നിർവഹിച്ച അടുത്ത സിനിമയാണ് കാട്ടിലെ പാട്ട്. നെടുമുടി വേണു, ബാലൻ കെ.നായർ, പൂർണിമ ജയറാം, സുകുമാരി എന്നിവർ മുഖ്യ വേഷങ്ങൾ അവതരിപ്പിച്ചു.

വളരെയധികം സാമൂഹ്യ പ്രസക്തിയുള്ള ചിത്രമാണ് നേരം പുലരുമ്പോൾ. നിർമാണവും സംവിധാനവും കെ.പി. കുമാരൻ തന്നെ നിർവഹിച്ച ഈ ചിത്രത്തിൽ വലിയൊരു താരനിര അണിനിരന്നു; മോഹൻലാൽ, മമ്മൂട്ടി, കെപിഎസി ലളിത. രമ്യ കൃഷ്ണൻ പുതുമുഖമായി അഭിനയിച്ച ചിത്രമെന്ന പ്രാധാന്യവും ഈ ചിത്രത്തിനുണ്ട്.

അതിഥി എന്ന ആദ്യ ചിത്രത്തിനുശേഷം കെ.പി. കുമാരന്റെ പ്രതിഭ ഉജ്ജ്വലമായി തിളങ്ങിയ ചിത്രമാണ് രുഗ്മിണി. മാധവിക്കുട്ടിയുടെ 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന ലഘുനോവലിന്റെ ദൃശ്യാവിഷ്കാരം. സ്ത്രീ ജീവിതത്തിന്റെ വൈകാരികതലങ്ങൾ സൂക്ഷ്മമായി പകർത്തുന്ന 'രുഗ്മിണി'യുടെ ഓരോ ഫ്രെയിമും സിനിമാ വിദ്യാർത്ഥികൾക്ക് പാഠപുസ്തകമാണ്. വളർത്തച്ഛൻ തകർത്ത് വേശ്യാലയത്തിലെത്തിച്ച പെൺകുട്ടിയുടെ കഥയാണ് രുഗ്മിണി പറയുന്നത്.

നാടിനെ ഗ്രസിച്ച സ്വേച്ഛാധിപത്യത്തിനെതിരെ പൊരുതി ജീവനൊടുക്കുന്ന പൂമാത എന്ന യുവതിയുടെ കഥപറയുന്നതാണ് തോറ്റം. ജാതിവിവേചനങ്ങളുടെ നൊമ്പരങ്ങളെ ആവിഷ്കരിക്കുന്ന ഈ ചിത്രം കെ.പി. കുമാരൻ എന്ന സംവിധായകന്റെ സാമൂഹ്യ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു. അധഃസ്ഥിതരായ സ്വന്തം ജനതയെ അടിമത്വത്തിൽനിന്ന് മോചിപ്പിക്കാൻ ജീവനൊടുക്കുന്ന പൂമാത ഉയിർത്തെഴുന്നേൽക്കുമെന്ന വിശ്വാസത്തിലാണ് ചിത്രം അവസാനിക്കുന്നത്.

വിഖ്യാത നാടകകൃത്തായ ഇബ്സന്റെ 'മാസ്റ്റർ ബിൽഡർ' എന്ന നാടകത്തിന്റെ അഭ്രാവിഷ്കാരമാണ് കുമാരൻ തിരക്കഥയും സംവിധാനവും നിർവഹിച്ച 'ആകാശ ഗോപുരം.' ലണ്ടനിലേക്ക് കുടിയേറിയ ഇന്ത്യക്കാരുടെ കഥ പറയുന്ന ഈ ചിത്രത്തിൽ ആൽബെർട്ട് സാംസൺ എന്ന ആർക്കിടെക്റ്റിന്റെ ജീവിതം ആവിഷ്കരിക്കുന്നു. മോഹൻലാൽ, നിത്യമേനോൻ, ഭരത് ഗോപി, മനോജ് കെ. ജയൻ, ശ്രീനിവാസൻ, ഗീതു മോഹൻദാസ്, ശ്വേതാ മേനോൻ എന്നിവരഭിനയിച്ച ചിത്രം ഇബ്സനുള്ള തന്റെ ആദരാഞ്ജലിയായി കുമാരൻ സമർപ്പിക്കുന്നു. സന്തോഷ് തുണ്ടിയിൽ (ക്യാമറ), ജോൺ ആൾട്ട്മാൻ (പശ്ചാത്തല സംഗീതം),നിഗെൽ ഹോളാന്റ് (ശബ്ദലേഖനം) എന്നീ ലോകോത്തര കലാകാരന്മാർ അണിനിരന്ന 'ആകാശ ഗോപുരം' മലയാളത്തിലെ ഒരു വേൾഡ് വൈഡ് സിനിമയുമാണ്.

നാടകാന്തം സിനിമ

സമാന്തര സിനിമയുടെ വക്താവായിരിക്കുമ്പോഴും സിനിമ ജനങ്ങളിൽനിന്ന് അകന്നുനിൽക്കുന്നതാവരുതെന്ന് നിർബന്ധബുദ്ധിയുള്ള സംവിധായകനാണ് കെ.പി. കുമാരൻ. കടിച്ചാൽ പൊട്ടാത്ത സിനിമയിൽ വിശ്വസിക്കുന്നില്ല. സിനിമ കാഴ്ചയുടെ കലയായിരിക്കുമ്പോഴും സംഭാഷണം സിനിമയ്ക്ക് അന്യമാവണമെന്ന് കുമാരൻ കരുതുന്നില്ല. നാടകവുമായുള്ള ഗാഢമായ പരിചയമാണ് തനതായ ഈ സിനിമാ സങ്കൽപം കരുപ്പിടിപ്പിച്ചത്. "മനുഷ്യമനസ്സിന്റെ അവതരണമാണ് നാടകത്തിലുള്ളത്. ഗ്രീക്ക് നാടകങ്ങളിൽ മുതൽ കാളിദാസന്റെ നാടകങ്ങളിൽ വരെ ഇതുകാണാം. ബർഗ്മാന്റെയും സത്യജിത് റായിയുടെയും സിനിമകളിൽ സംഭാഷണമുണ്ട്."

സമയബന്ധിതമായി സിനിമകളെടുക്കുന്നയാളല്ല കെ.പി.കുമാരൻ. ഇതുകൊണ്ടാണ് രണ്ട് ചിത്രങ്ങൾക്കിടെ പത്തുവർഷംവരെ ഇടവേള ഉണ്ടാവുന്നത്. 1989-ൽ രുഗ്മിണി എടുത്തശേഷം 2000-ലാണ് 'തോറ്റം' ചെയ്യുന്നത്. 2009-ലാണ് 'ആകാശഗോപുരം' വരുന്നത്. സിനിമയെത്തേടിയല്ല, സിനിമ കുമാരനെത്തേടിയാണ് എപ്പോഴും വന്നിട്ടുള്ളത്.

ഒത്തുതീർപ്പിനു വഴങ്ങാത്ത വ്യക്തിത്വവും ബലിഷ്ഠമായ സിനിമാ സങ്കൽപങ്ങളും കെ.പി. കുമാരൻ എന്ന ചലച്ചിത്രകാരനെ വ്യത്യസ്തനാക്കുന്നുണ്ട്. ഈ രംഗത്തെ മാനിപ്പുലേഷന്റെയും മാർക്കറ്റിങ്ങിന്റെയും പതിവുശൈലികൾ അനുവർത്തിക്കുന്നയാളുമല്ല. "ഞാൻ ആരെയും ചതിച്ചിട്ടില്ല, പക്ഷേ എന്നെ ഒരുപാടുപേർ ചതിച്ചിട്ടുണ്ട്. സ്വതന്ത്രമായി സിനിമയെടുക്കുന്നയാൾക്ക് കേരളത്തിൽ അതിജീവിക്കാൻ പ്രയാസമാണ്. ആകാശഗോപുരം ഇറങ്ങിയശേഷം ഒരു മാധ്യമ പ്രവർത്തകൻപോലും എന്റെയടുത്തു വന്ന് ആ സിനിമയെക്കുറിച്ച് ചോദിച്ചിട്ടില്ല. പ്രതികൂലമായ സാഹചര്യങ്ങളിൽ കുടുംബം കൂടെനിന്നതാണ് കരുത്തായത്. ഭാര്യ ശാന്ത 'സ്വയംവര' കാലം മുതൽ കുമാരന്റെ സിനിമാ ജീവിതത്തിനൊപ്പമുണ്ട്. മൂത്ത മകൻ മനു കുമാരൻ സംവിധായകനും സിനിമാ നിർമാതാവുമാണ്. രണ്ടാമത്തെ മകൻ ശംഭു കുമാരൻ നയതന്ത്രരംഗത്തും. മകൾ മനീഷ.

അംഗീകാരങ്ങൾ അകലെ

നാല് പതിറ്റാണ്ട് പിന്നിടുന്ന സിനിമാ ജീവിതത്തിൽ അർഹിക്കുന്ന അംഗീകാരം കെ.പി. കുമാരന് ലഭിച്ചിട്ടുണ്ടെന്ന് പറയാനാവില്ല. വിജയത്തോടെയായിരുന്നു തുടക്കം. 1974-ൽ പൂർത്തിയാക്കിയ അതിഥിക്കു മുൻപ് 'റോക്ക്' എന്നൊരു ലഘുചിത്രമെടുത്തിരുന്നു. 100 സെക്കന്റ് മാത്രമുള്ള ഈ ചിത്രം ഏഷ്യ 72 ഫിലിം ഫെസ്റ്റിവലിൽ ഗോൾഡ് മെഡൽ നേടി. 2017-ൽ തിരുവനന്തപുരത്തു നടന്ന ഇരുപത്തിരണ്ടാമത് ചലച്ചിത്രോത്സവത്തിൽ സ്മൃതിചിത്ര വിഭാഗത്തിൽ കുമാരന്റെ നാല് ചിത്രങ്ങൾ- അതിഥി, രുഗ്മിണി, തോറ്റം, ആകാശഗോപുരം-പ്രദർശിപ്പിക്കുകയുണ്ടായി.

അസാധാരണ ചിത്രമായിരുന്നു അതിഥിയെങ്കിലും പ്രേക്ഷകർ അകന്നുനിന്നു. "പ്രേക്ഷകരെ ലഭിക്കുകയെന്നതാണ് കേരളത്തിൽ പ്രശ്നം. സ്വന്തം പ്രേക്ഷകരെ ചലച്ചിത്രകാരൻ തന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു" എന്നാണ് കുമാരൻ പറയുന്നത്. സംവിധായകന് വളരെയധികം സംതൃപ്തി നൽകിയ ചിത്രമായിരുന്നു രുഗ്മിണി. മലയാള ചരിത്രത്തിലെ അസാധാരണമായ ചിത്രം. ദേശീയതലത്തിൽ പ്രാദേശിക ചിത്രത്തിനുള്ള പുരസ്കാരവും, സംസ്ഥാനത്ത് മികച്ച സംവിധാനത്തിനടക്കം മൂന്ന് പുരസ്കാരങ്ങളും രുഗ്മിണിക്ക് ലഭിച്ചു. എന്നാൽ ദേശീയ-സംസ്ഥാന പുരസ്കാര പ്രഖ്യാപനങ്ങൾക്ക് ഏതാനും മാസം മുൻപായിരുന്നു ഇന്ത്യൻ പനോരമ നിർണയം. ദക്ഷിണമേഖലാ സെലക്ഷനിൽ ഉൾപ്പെട്ട 'രുഗ്മിണി' പനോരമയിൽനിന്ന് എങ്ങനെയോ ഒഴിവാക്കപ്പെട്ടു.

"ചലച്ചിത്രോത്സവങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെട്ട ചിത്രമാണ് രുഗ്മിണി. എനിക്ക് മൊത്തിക്കുടിക്കാവുന്ന ചായയല്ല സിനിമയെന്ന് പൂർണബോധ്യമായി" എന്ന സംവിധായകന്റെ വാക്കുകളിൽ എല്ലാമുണ്ട്. കേരളത്തിലെ അന്തർദേശീയ ചലച്ചിത്രോത്സവത്തിൽ മത്സരവിഭാഗത്തിൽ ഉൾപ്പെടുത്തിയ 'തോറ്റം' തിരക്കഥയ്ക്കുള്ള സുവർണ ചകോരം നേടി. ഇറാനിയൻ സംവിധായകൻ മക്മൽ ബഫ് ഉൾപ്പെടുന്ന ജൂറിക്ക് ഈ കൊച്ചുചിത്രത്തിന്റെ മർമം പിടികിട്ടി. പതിവുപോലെ സ്റ്റേറ്റ് അവാർഡ് ജൂറിയും ദേശീയ ജൂറിയും ചിത്രത്തെ നിസ്സാരവൽക്കരിച്ചു. ചലച്ചിത്ര ജീവിതം 'തോറ്റ'ത്തോടെ അവസാനിച്ചമട്ടായിരുന്നുവെന്ന് കുമാരൻ പറയുമ്പോൾ ആ വാക്കുകളിൽ ഒരു ചലച്ചിത്രകാരന്റെ വേദന നിറയുന്നുണ്ട്.

email : muralijnbi@gmail.com

കാലം പിന്നെയും കഴിഞ്ഞു...

വന്നതുണ്ട് വർഷത്തിനു ശേഷം ബയോപ്പിക് ചിത്രവുമായി കെ.പി. കുമാരൻ വരികയാണ്. ആധുനിക കേരളത്തിന്റെ ഏറ്റവും പ്രക്ഷുബ്ധമായിരുന്ന ഒരു കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്ന ഈ സിനിമ മഹാകവി കുമാരനാശാന്റെ ജീവിതമാണ് പകർത്തുന്നത്. 'കാലം പിന്നെയും കഴിഞ്ഞു' എന്ന ചിത്രം സംവിധായകന്റെ കരിയറിൽ മറ്റൊരു നാഴികക്കല്ലായി മാറും.

"സിനിമയുടെ പേര് ആശാന്റെ കരുണ എന്ന കവിതയിൽനിന്ന് എടുത്തതാണ്. കവിയും പണ്ഡിതനും സാമൂഹ്യ പരിഷ്കർത്താവും സംരംഭകനുമൊക്കെയായിരുന്ന ആശാൻ കാലത്തിനു മുൻപേ നടന്ന പ്രതിഭാശാലിയാണ്. ആശാനെക്കുറിച്ച് ഒരു സിനിമയെടുക്കാൻ ഞാൻ എപ്പോഴും ആഗ്രഹിച്ചിരുന്നു. ഇപ്പോഴാണത് സാധ്യമായത്. ആശാന്റെ കവിതകൾ ആലപിക്കാൻ കഴിയുന്ന ഒരു നടനെ തേടി നടക്കുകയായിരുന്നു ഞാൻ. ഒരു സുഹൃത്താണ് ഡോ. ശ്രീവത്സൻ മേനോന്റെ പേര് നിർദ്ദേശിച്ചത്. അത് തീരുമാനിച്ചു." ഇങ്ങനെയാണ് പുതിയ സിനിമയെക്കുറിച്ച് സംവിധായകൻ പറയുന്നത്.

"നായകവേഷം ചെയ്യാൻ എന്നെയാണ് തീരുമാനിച്ചിട്ടുള്ളതെന്ന് സംവിധായകൻ പറഞ്ഞപ്പോൾ എനിക്ക് വിശ്വസിക്കാനായില്ല എന്നാണ് സംഗീത ജ്ഞനായ ഡോ. ശ്രീവത്സൻ മേനോന്റെ പ്രതികരണം. ശ്രീവത്സനാണ് സിനിമയിലെ നായകൻ. "ചിത്രീകരണത്തിന്റെ ആദ്യഭാഗം കഴിഞ്ഞപ്പോൾ ഒന്നുറപ്പായി, അഭിനേതാവെന്ന നിലയിൽ മികച്ച പ്രകടനമാണ് ശ്രീവത്സൻ കാഴ്ചവച്ചിരിക്കുന്നത്" സംവിധായകൻ അഭിപ്രായപ്പെടുന്നു. കെ.പി. കുമാരന്റെ മകൻ മനു കുമാരൻ നിർമിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രാഹകൻ കെ.ജി. ജയനാണ്. 30 വർഷത്തിനുശേഷം മറ്റൊരു പുനഃസമാഗമം. രുഗ്മിണിയുടെ ഛായാഗ്രഹണവും ജയനായിരുന്നു. ബി. അജിത് കുമാർ എഡിറ്റിങ്.

ആശാന്റെ ജീവിതത്തിലെ അവസാനത്തെ ഏഴ് വർഷമാണ് 'കാലം പിന്നെയും കഴിഞ്ഞു' ഫോക്കസ് ചെയ്യുന്നത്. വീണപൂവ്, ചിന്താവിഷ്ടയായ സീത, ലീല, ചണ്ഡാലഭിക്ഷുകി എന്നിവയൊക്കെ എഴുതിയ ത് ഇക്കാലത്താണ്. തിരുവനന്തപുരത്തും എറണാകുളത്തിന്റെ പ്രാന്തപ്രദേശങ്ങളിലുമായാണ് ചിത്രീകരണം. ശ്രീവത്സൻ തന്നെയാണ് സംഗീതമൊരുക്കുന്നത്. പത്രപ്രവർത്തകനായിരുന്ന മൂർക്കോത്തു കുമാരനെ അവതരിപ്പിക്കുന്നത് മാധ്യമപ്രവർത്തകനായ പ്രമോദ് രാമനാണെന്ന പ്രത്യേകതയും സിനിമയ്ക്കുണ്ട്.

കാലം പിന്നെയും കഴിഞ്ഞു എന്ന സിനിമയിൽ മഹാകവി കുമാരനാശാന്റെ വേഷത്തിൽ ഡോ. ശ്രീവത്സൻ മേനോൻ

സംഘപഥത്തിലൂടെ

പി.നാരായണൻ

ഒരേ ഒരു രാമേട്ടൻ

കാസർകോട് സംഘവുമായി ബന്ധപ്പെട്ട് ഏതു പ്രസ്ഥാനത്തിനും അത്താണിയായിരുന്ന അജന്താ രാമേട്ടൻ ആറു പതിറ്റാണ്ടായി അവിടെ നിറഞ്ഞുനിൽക്കുകയായിരുന്നു. അദ്ദേഹത്തെയും അജന്താസ്റ്റുഡിയോയേയും ഓർക്കാതെ കാസർകോട്ടെ കാര്യങ്ങൾ പറയുക വയ്യ എന്ന സ്ഥിതി വളരെക്കാലം നിലനിന്നു. അദ്ദേഹം കാസർകോട്ട് വരുന്നതിനു മുമ്പ് തൃശ്ശിവപേരൂരിൽ വെച്ചാണ് ഞാൻ പരിചയപ്പെട്ടത്. 1957-ൽ ഗുരുവായൂർ ഭാഗത്ത് പ്രചാരകനായിരുന്നപ്പോൾ ഇടയ്ക്കിടെ അവിടെ പോകേണ്ടിവരുമായിരുന്നു. ആദ്യ വർഷം പരമേശ്വർജി എറണാകുളം-തൃശ്ശിവപേരൂർ ജില്ലകളുടെ ചുമതല വഹിച്ചപ്പോഴും, പിന്നീട് പാലക്കാട് ജില്ലയുടെ ഭാഗമെന്ന നിലയ്ക്കു ഹരിയേട്ടനായിരുന്നപ്പോഴും തൃശ്ശിവപേരൂരിൽ പോകുമ്പോഴെല്ലാം അവിടത്തെ സാന്നിധ്യമായിരുന്നു രാമേട്ടൻ. രാമേട്ടൻ നല്ല ഫോട്ടോഗ്രാഫർ എന്ന നിലയ്ക്കാണറിയപ്പെട്ടത്. ആചാര്യ വിനോബാഭാവേയുടെ പദയാത്ര കേരളത്തിലൂടെ കടന്നുപോയപ്പോൾ അതിന്റെ ചിത്രങ്ങൾ എടുത്ത് പത്രങ്ങൾക്ക് കൊടുക്കാൻ തക്ക പ്രിന്റുകൾ തയ്യാറാക്കിയതദ്ദേഹമായിരുന്നു. അതുപോലെ കേന്ദ്രമന്ത്രിമാരടക്കമുള്ള ദേശീയ നേതാക്കളുടെ പരിപാടികൾക്കും ഔദ്യോഗിക ഫോട്ടോഗ്രാഫർ ആയി അദ്ദേഹം പലപ്പോഴും നിയോഗിക്കപ്പെട്ടിരുന്നു. അതുപോലെ മറ്റൊരു സാങ്കേതിക വിദഗ്ദ്ധനും തൃശ്ശിവപേരൂരിൽ ഉണ്ടായിരുന്നു. ടൈപ്പ്റൈറ്റർസർവീസ് ചെയ്തുവന്ന എക്സെൽ ബാലൻ, അൽപം മുടന്തുണ്ടെങ്കിലും അദ്ദേഹം എല്ലാ കാര്യങ്ങൾക്കും ഓടിയെത്തുമായിരുന്നു. ഭൂദാനയജ്ഞ പദയാത്രയിൽ ആചാര്യ വിനോബാജിയുടെ ടൈപ്പ് റൈറ്റർ കേടുവന്നപ്പോൾ അത് സർവീസ് ചെയ്തു നേരെയാക്കിയതിനു പുറമേ അവരുടെ കല്ലച്ച് യന്ത്രവും (സൈക്ലോ സ്റ്റൈൽ) ബാലൻ തന്നെ നന്നാക്കിക്കൊടുത്തു. ഈ സേവനങ്ങൾക്ക് വിനോബാജി രാമേട്ടനും, എക്സെൽ ബാലനും എഴുതിക്കൊടുത്ത സർട്ടിഫിക്കറ്റ് അക്കാലത്ത് ഞങ്ങൾക്ക് കാട്ടിത്തരുമായിരുന്നു.

1958-ൽ ഞാൻ ഗുരുവായൂരിൽനിന്ന് കണ്ണൂരിലെ പ്രചാരകനായി മാറിച്ചെന്നപ്പോൾ അവിടെ തളാപ്പിലുള്ള കാര്യാലയത്തിൽ കാർഷികാദായ നികുതി വകുപ്പിൽ ജോലി ചെയ്ത കുഞ്ഞികൃഷ്ണൻ ഉണ്ടായിരുന്നു. അദ്ദേഹം ഹോസ്ദുർഗുകാരനും, 1942-ൽ അവിടെ സംഘമാരംഭിച്ചപ്പോൾ മുതൽ സ്വയംസേവകനുമായിരുന്നു. അന്ന് ഹോസ്ദുർഗ്-കാസർകോട് താലൂക്കുകൾ സംഘദൃഷ്ട്യാ കർണാടകത്തിന്റെ ഭാഗമായിരുന്നതിനാൽ അവിടത്തെ സംഘസംബന്ധമായ വിവരങ്ങൾ കുഞ്ഞികൃഷ്ണനാണ് ഞങ്ങളെ അറിയിച്ചു വന്നത്. ഹോസ്ദുർഗിലെ മാത്രമല്ല കാസർകോട്, കുമ്പള തുടങ്ങിയ സ്ഥലങ്ങളിലേയും കാര്യങ്ങൾ അറിഞ്ഞത് അങ്ങനെയായിരുന്നു.

ഓഫീസിലെ അവധിദിനങ്ങളിൽ നാട്ടിലേക്കു പോയ ഒരു പതിവു വേളയ്ക്കുശേഷം തിരിച്ചെത്തിയ കുഞ്ഞികൃഷ്ണൻ പറഞ്ഞാണ് കാസർകോട്ട് തൃശ്ശിവപേരൂർക്കാരൻ ഒരു ഫോട്ടോഗ്രാഫർ വന്നതും അദ്ദേഹത്തിന് അവിടത്തെ ആദ്യകാല സ്വയംസേവകർ എല്ലാവിധ സൗകര്യങ്ങളും ചെയ്തു കൊടുത്തതായും അറിഞ്ഞത്. ഗണപത് നായക് എന്ന ഹാർഡ്വെയർ വ്യാപാരിയായിരുന്നു സ്റ്റുഡിയോ ഉടമസ്ഥൻ. രാമൻ മേനോൻ അവർക്ക് സ്ഥിരം രാമേട്ടനായി. സ്വയംസേവകനെന്ന നിലയ്ക്കും, ഫോട്ടോഗ്രാഫർ എന്ന നിലയ്ക്കും കർതൃശേഷി തികച്ചും പ്രകടമാക്കിയ രാമേട്ടൻ കാലം ചെൽകെ, അവിടുത്തുകാരിൽ ശബരിമല തീർത്ഥാടനത്തിന്റെ ഗുരുസ്വാമിയുമായി. ഗണപത് നായക് ക്രമേണ അദ്ദേഹത്തെ ആ സ്റ്റുഡിയോ പൂർണമായും ഏൽപ്പിക്കുകയായിരുന്നു.

തെക്കൻ കർണാടകത്തിൽ എവിടെ സംഘത്തിന്റെയും ജനസംഘത്തിന്റെയും വലിയ പരിപാടി നടന്നാലും അതിന്റെ ഔപചാരിക ഫോട്ടോഗ്രാഫർ രാമേട്ടനായി. ഒരിക്കൽ, പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി മംഗലാപുരത്തു വന്ന പരിപാടിയുടെ ഔപചാരിക ഫോട്ടോഗ്രാഫറായി മംഗലാപുരം കളക്ടർ നിയോഗിച്ചത് രാമേട്ടനെയായിരുന്നു. ആ ചടങ്ങുകളുടെ ചില ദൃശ്യങ്ങൾ അജന്താ സ്റ്റുഡിയോയിൽ വെച്ചിരുന്നു.

പരേമേശ്വർജി കേരളത്തിൽ ജനസംഘത്തിന്റെ സംഘടനാകാര്യദർശിയായി നിയുക്തനായപ്പോൾ കാസർകോട് രാമേട്ടന്റെ സ്റ്റുഡിയോ സന്ദർശിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ ഒരു മനോഹരവും ഗംഭീരവുമായ എൻലാർജ് ചെയ്ത ചിത്രം തയ്യാറാക്കി കോഴിക്കോട്ട് സംസ്ഥാന കാര്യാലയത്തിൽ എത്തിച്ചിരുന്നു. ദീനദയാൽജിയും സുന്ദർസിങ് ഭണ്ഡാർജിയും നാനാജി ദേശ്മുഖും, ദത്തോപന്ത് ഠേംഗ്ഡിയുമൊക്കെ ആ ചിത്രം നോക്കിനിന്ന് പ്രശംസിച്ചിട്ടുണ്ട്. അത്ര തന്മയീഭാവത്തോടെ ശ്യാംബാബുവിന്റെ ഗാംഭീര്യവും ആർദ്രതയും അതിൽ രാമേട്ടൻ ആവാഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ ആ വിശാല മനസ്കതയെ ചൂഷണം ചെയ്തവരുമുണ്ടായിരുന്നു. ഗുരുവായൂരിനു സമീപമുള്ള ഒരു സ്വയംസേവകൻ കാസർകോട്ട് വരികയും പഴയ അടുപ്പം പരിഗണിച്ച് രാമേട്ടന്റെ കൂടെ താമസമാക്കി, അവിടത്തെ മുതിർന്നവരുടെ സഹായത്തോടെ ഫോട്ടോഗ്രാഫിയുടെ തന്ത്രങ്ങൾ പഠിച്ച് മിടുക്കനാവുകയും ചെയ്തിരുന്നു. കുറേ മാസങ്ങൾ കഴിഞ്ഞ് അയാൾ അന്നാട്ടുകാരുടെ വെറുപ്പു സമ്പാദിച്ചു മുങ്ങി, നാട്ടിൽ ചെന്ന് സ്വന്തമായി ഫോട്ടോഗ്രാഫിത്തൊഴിൽ വളരെക്കാലം നടത്തി. ഇപ്പോൾ ഉണ്ടോ എന്നറിയില്ല.

കോഴിക്കോട്ട് തിരുവണ്ണൂരിലെ പുരാതനമായ സംഘ കുടുംബമായിരുന്നു പാലാട്. അവിടത്തെ മുഴുവൻ പേരും സജീവ സംഘപ്രവർത്തകരാണ്. മുത്തയാൾ സി.പി. രാമചന്ദ്രൻ അധ്യാപകനെന്നതിനു പുറമെ കേസരിയുടെ പത്രാധിപത്യവും വഹിച്ചു. നല്ല എഴുത്തുകാരനും കവിയും പ്രഭാഷകനുമായിരുന്നു. അദ്ദേഹത്തിന്റെ അനുജൻ സി.പി.സി. പണിക്കർ എന്ന മണിയേട്ടൻ സംഘത്തിന്റെ കേരള സഹവ്യവസ്ഥാ പ്രമുഖ് എന്ന നിലയ്ക്ക് കേരളത്തിലെങ്ങും പരിചിതനായിരുന്നു. നരേന്ദ്രൻ, ബാലചന്ദ്രൻ എന്നീ സഹോദരന്മാരും സജീവ പ്രവർത്തകരായിരുന്നു. അവരുടെ സഹോദരി സാവിത്രിയെയാണ് രാമേട്ടൻ സഹധർമ്മിണിയാക്കിയത്. അതിനു മുൻകയ്യെടുത്തത് മാധവജിയും . ഭാസ്കർറാവു, ഹരിയേട്ടൻ, രാ. വേണുഗോപാൽ, കേസരി രാഘവേട്ടൻ മുതലായ മുതിർന്ന സംഘപ്രചാരകരൊക്കെ ആ അവസരത്തെ അനുഗ്രഹിച്ചു. ഭരതേട്ടന്റെയും മാർത്താണ്ഡേട്ടന്റെയും കാര്യം പറയുകയും വേണ്ട.

അതിനുശേഷം അവരുടെ ദാമ്പത്യജീവിതത്തിനിടെ കാസർകോട് വീട്ടിൽ ചെന്നപ്പോഴൊക്കെ സാവിത്രിച്ചേച്ചിയുടെ ആതിഥ്യം അനുഭവിക്കാനും അവസരം ലഭിച്ചു. പക്ഷേ അനപത്യതാ ദുഃഖം അവരുടെ കുടുംബങ്ങളിൽ മാത്രമല്ല സംഘത്തിന്റെ അഭിജ്ഞനിരകളിലും ഗ്ലാനതയുണ്ടാക്കി.

ഗുരുവായൂരിൽനിന്ന് ഞാൻ കണ്ണൂരിലെത്തിയ ഏതാണ്ടതേ കാലത്താണ് രാമേട്ടൻ തൃശ്ശിവപേരൂരിൽനിന്ന് കാസർകോട്ടെത്തിയത്. പക്ഷേ, സംഘദൃഷ്ടിയിൽ രണ്ട് സംസ്ഥാനങ്ങളായതിനാൽ സമ്പർക്കത്തിനവസരങ്ങൾ കുറവായിരുന്നു. എന്നാൽ എനിക്കു ജനസംഘ ചുമതലയായപ്പോൾ അതു ധാരാളം ലഭിച്ചു. 1963-ൽ അവിടത്തെ ഗണേശോത്സവ സമയത്ത് മല്ലികാർജുന ക്ഷേത്രപരിസരത്ത് വെടിവെപ്പുണ്ടായതിനെത്തുടർന്ന് ഞാനാദ്യമായി അവിടെ ചെന്നപ്പോൾ പരിചിതനായ ഒരേ ഒരാൾ രാമേട്ടനായിരുന്നു. അദ്ദേഹം സ്ഥലം കാണിക്കാനും വിവരങ്ങൾ അറിയിക്കാനും മുൻകയ്യെടുത്തു. പ്രകടനത്തിന്റെയും വെടിവെപ്പിനെത്തുടർന്നുണ്ടായ രംഗത്തിന്റെയും ഫോട്ടോയും തന്നു. ആ ചിത്രമാണ് കേസരിയിൽ വന്നത്.

പിന്നീട് വർഷങ്ങൾക്കുശേഷം 2005-ൽ അടിയന്തരാവസ്ഥയുടെ 30-ാം വാർഷികാചരണത്തിന് കാസർകോട്ട് പോയപ്പോൾ ആയിരുന്നു അവസാനമായി അദ്ദേഹത്തിന്റെ വസതിയിൽ പോയത്. സമീപത്തുതന്നെ കാസർകോട്ടെ മറ്റൊരു സ്റ്റുഡിയോ സ്വയംസേവകൻ സുന്ദർറാവുവിന്റെ വീട്ടിലും പോയിരുന്നു. ഇരുവരും സമാനദുഃഖിതരാണെന്നു തോന്നി. കുമ്പളയിലെ രവീന്ദ്രനും തിരുവനന്തപുരത്തുനിന്നും കുഞ്ഞിക്കണ്ണനും രാമേട്ടൻ അന്തരിച്ച വിവരം അറിയിച്ചപ്പോൾ മനസ്സിൽ ഉയർന്ന വിചാരവും വികാരവും ഇവിടെ പകർത്തുകയായിരുന്നു.

ഗുരുവായൂരിൽനിന്ന് ഞാൻ കണ്ണൂരിലെത്തിയ ഏതാണ്ടതേ കാലത്താണ് രാമേട്ടൻ തൃശ്ശിവപേരൂരിൽനിന്ന് കാസർകോട്ടെത്തിയത്. പക്ഷേ, സംഘദൃഷ്ടിയിൽ രണ്ട് സംസ്ഥാനങ്ങളായതിനാൽ സമ്പർക്കത്തിനവസരങ്ങൾ കുറവായിരുന്നു. എന്നാൽ എനിക്കു ജനസംഘ ചുമതലയായപ്പോൾ അതു ധാരാളം ലഭിച്ചു. 1963-ൽ അവിടത്തെ ഗണേശോത്സവ സമയത്ത് മല്ലികാർജുന ക്ഷേത്രപരിസരത്ത് വെടിവെപ്പുണ്ടായതിനെത്തുടർന്ന് ഞാനാദ്യമായി അവിടെ ചെന്നപ്പോൾ പരിചിതനായ ഒരേ ഒരാൾ രാമേട്ടനായിരുന്നു. അദ്ദേഹം സ്ഥലം കാണിക്കാനും വിവരങ്ങൾ അറിയിക്കാനും മുൻകയ്യെടുത്തു. പ്രകടനത്തിന്റെയും വെടിവെപ്പിനെത്തുടർന്നുണ്ടായ രംഗത്തിന്റെയും ഫോട്ടോയും തന്നു. ആ ചിത്രമാണ് കേസരിയിൽ വന്നത്.

സർഗ്ഗവൈഭവത്തിന്റെ പെരുന്തച്ചൻ

കെ. വി. ഹരിദാസ്

സമയമില്ലെന്ന പല്ലവി കേട്ടുമടുത്ത ആധുനിക മനുഷ്യനു മുമ്പിൽ കർമ്മനിരതനായ ഡോ. മനോജ്കുമാർ പരാശക്തി വ്യത്യസ്തനാണ്. കവി, കഥാകാരൻ, സിനിമാ ഗാനരചയിതാവ്, ഭക്തിഗാന രചയിതാവ് എന്നിങ്ങനെ വിവിധ കലാശാഖകളിൽ ഈശ്വരന്റെ വരദാനം കിട്ടിയ വ്യക്തിത്വമാണ് മനോജ് കുമാർ.

ജെം തെറാപ്പിയിൽ ഗവേഷണം, വാസ്തുവിദ്യ, ഹിപ്നോട്ടിക് കൗൺസലിങ് എന്നിവയിൽ അസാധാരണമായ പാണ്ഡിത്യം തുടങ്ങിയവയാണ് ഡോ. മനോജ്കുമാറിനെ ശ്രദ്ധേയനാക്കുന്നത്. രാവിലെ മുതൽ പ്രവർത്തന മണ്ഡലത്തിലേക്ക് ഇറങ്ങുന്ന അദ്ദേഹത്തിന്റെ ഓരോ ദിവസവും തിരക്കുനിറഞ്ഞതാണ്. ഏഴോളം കാസറ്റിന് ഗാനരചന നിർവ്വഹിച്ചു. *വലംപിരി ശംഖ്, വന്ദേമുകുന്ദം, എന്റെ പൊന്നയ്യപ്പ, മണികണ്ഠം, ദേവീതീർത്ഥം, വന്ദനം* എന്നീ ഭക്തിഗാന കാസറ്റിനും *റോസപ്പൂ* എന്ന പ്രണയഗാന കാസറ്റിനും ഗാനരചന നിർവ്വഹിച്ചു. *ഓർമ്മ, ബാല്യം, തിരോഹിതം, വെളിച്ചം, എന്റെ ഗ്രാമം, തീർത്ഥാടനം* എന്നീ കവിതാ സമാഹാരങ്ങളും രണ്ട് പുസ്തകങ്ങളും പുറത്തിറക്കിയിട്ടുണ്ട്

ഈശ്വരൻ സത്യമാണ് എന്ന പുസ്തകം തന്റെ ഗുരുനാഥനായ മള്ളിയൂർ ശങ്കരൻ നമ്പൂതിരിയാണ് പ്രകാശനം ചെയ്തതെന്ന് ഡോ. മനോജ്കുമാർ ചാരിതാർത്ഥ്യത്തോടെ പറയുന്നു. *മാറ്റം* എന്ന സിനിമയ്ക്ക് *ഇടവപ്പാതി മഴ* എന്ന ഗാനം രചിച്ചു. സജീവ് മംഗലത്ത് സംഗീത സംവിധാനം നിർവ്വഹിച്ച ഈ ഗാനം ആലപിച്ചത് റിമി ടോമിയാണ്. മനോജ്കുമാറിന്റെ ഭക്തിഗാന കാസറ്റിൽ കെ.ജി. ജയൻ, മധു ബാലകൃഷ്ണൻ, മഞ്ജരി, ദുർഗ്ഗാ വിശ്വനാഥ്, ജിൻസ്, ചിത്രാ അരുൺ, അഭിജിത്ത് എന്നിവരാണ് ആലപിച്ചിരിക്കുന്നത്. *ഭ്രാന്താത്മികം* എന്ന ചെറുകഥാ സമാഹാരം അടുത്തുതന്നെ പുറത്തിറങ്ങുമെന്ന് അദ്ദേഹം പറഞ്ഞു.

ഓരോദിവസവും ഹിപ്നോട്ടിക് കൗൺസലിങ്ങിലൂടെ ഒട്ടേറെ പേരുടെ മാനസിക പിരിമുറുക്കത്തിനും അസ്വസ്ഥതയ്ക്കും പരിഹാരം കാണാൻ ഡോ. മനോജ്കുമാറിന് കഴിയുന്നു. വിദ്യാർത്ഥികളാണ് അധികവും എത്തുന്നത്. ജെം തെറാപ്പിയിൽ കൽക്കത്തയിലെ ഇന്ത്യൻ ബോർഡ് ഓഫ് ഓൾട്ടർനേറ്റീവ് മെഡിസിനിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ഹിപ്നോട്ടിക് കൗൺസലിങ് അസോസിയേഷൻ അംഗം കൂടിയാണ് ഡോ. മനോജ്കുമാർ. രത്നധാരണത്തിലൂടെ അസുഖങ്ങൾ കുറയ്ക്കാൻ കഴിയുമെന്ന് അദ്ദേഹം പറയുന്നു.

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിൽ നിന്ന് ട്രഡീഷണൽ ആർക്കിട്ടെക്ചറിൽ ഡിപ്ലോമ നേടിയിട്ടുള്ള മനോജ്കുമാറിന്റെ വീട് കോട്ടയം ജില്ലയിലെ കുറിച്ചിയിലാണ്. അച്ഛൻ സുകുമാരൻകുട്ടി മികച്ച കഥകളി നടനാണ്. അമ്മ ജാനമ്മ മരിച്ചുപോയി. *ഓർമ്മ* എന്ന കവിതാ സമാഹാരം അമ്മയെ കുറിച്ചുള്ള ഓർമ്മകളാണ്.

വീട്ടമ്മയായ സുധയാണ് ഡോ. മനോജ്കുമാറിന്റെ ഭാര്യ. രണ്ട് മക്കൾ. അനന്തകൃഷ്ണൻ പ്ലസ് ടുവിനും മീനു മനോജ് ഏഴാം ക്ലാസിലും പഠിക്കുന്നു. മനോഹരമായി അക്ഷരപ്രാസത്തിൽ ഗാനവും കവിതയും രചിക്കുന്നതാണ് മനോജ്കുമാറിന്റെ പ്രത്യേകത. ഓർമ്മവെച്ച നാൾ മുതൽ കേട്ട് ശീലിച്ച കഥകളിപ്പദങ്ങളാണ് താളവും രാഗവും ശ്രുതിയും മനോഹരമായ പദവിന്യാസവും പകർന്ന് നൽകിയതെന്ന് അദ്ദേഹം പറയുന്നു.

ചിത്തിര തിരുനാൾ പുരസ്കാരം, വി. കൃഷ്ണമേനോൻ സ്മാരക പുരസ്കാരങ്ങൾ അടക്കം സാഹിത്യത്തിൽ ഒട്ടേറെ പുരസ്കാരങ്ങൾ മനോജ് കുമാറിനെ തേടിയെത്തി. ഗുരുക്കന്മാരുടെയും ദക്ഷിണ മൂകാംബി പനച്ചിക്കാട് സരസ്വതീ ദേവിയുടെയും ഗുരുവായൂരപ്പന്റെയും അനുഗ്രഹമാണ് തന്റെ ഊർജ്ജമെന്ന് ഡോ. മനോജ്കുമാർ പറയുന്നു. ഓരോ പുലരിയും ഡോ. മനോജ് കുമാറിന് സമ്മാനിക്കുന്നത് തിരക്കുള്ള ജീവിതമാണ്.

വാരഫലം

കാളിദാസ ശർമ്മ
ഉഴവൂർ, ഫോൺ: 9446942424

മേയ് 19 മുതൽ മേയ് 25 വരെ

മേടക്കൂറ്: അശ്വതി, ഭരണി, കാർത്തിക (1/4)

അർഹമായ സമ്പത്തുകൾ ആനുപാതികമായി വന്നുചേരും. ഉന്നതരിൽനിന്നും സഹായം ലഭ്യമാകും. സർക്കാർ സംബന്ധമായി പല ഗുണാനുഭവങ്ങളും സിദ്ധിക്കും. അവസരങ്ങൾ ശരിയാംവണ്ണം ഉപയോഗിക്കും.

ഇടവക്കൂറ്: കാർത്തിക (3/4), രോഹിണി, മകയിരം(1/2)

സന്താനങ്ങൾക്കുവേണ്ടി കൂടുതൽ ധനം ചെലവഴിക്കാൻ ഇടയാവും. വിദേശയാത്രകൾ സഫലീകരിക്കും. വിദ്യാഭ്യാസ കാര്യങ്ങളിൽ ലക്ഷ്യപ്രാപ്തിയുണ്ടാകും. അപവാദ ശ്രവണങ്ങൾക്ക് സാധ്യത.

മിഥുനക്കൂറ്: മകയിരം (1/2), തിരുവാതിര, പുണർതം(3/4)

സർക്കാർ ജീവനക്കാർക്ക് സ്ഥാനമാറ്റമുണ്ടാവും. ക്രയവിക്രയങ്ങളിൽ നിന്നും അധികലാഭം പ്രതീക്ഷിക്കാം. പുണ്യക്ഷേത്ര ദർശനത്തിന് സാഹചര്യം ഉണ്ടാകും. ഭിന്നിച്ചു നിൽക്കുന്ന കുടുംബബന്ധങ്ങൾ പുനരേകീകരിക്കുവാൻ ഇടയാകും.

കർക്കടകക്കൂറ്: പുണർതം(1/4), പൂയം, ആയില്യം

അപ്രതീക്ഷിതമായി ധനം കൈമറിഞ്ഞു പോകുന്നതിന് സാധ്യത. സ്നേഹപൂർണമായ ജീവിതത്തിൽ സംശയത്തിന്റെ പേരിൽ ദുഃഖകരമായ അവസ്ഥ വന്നുചേരും. സഞ്ചാരക്ലേശം വർധിക്കും. പുതിയ തൊഴിൽ തുടങ്ങാൻ സാധിക്കും.

ചിങ്ങക്കൂറ്: മകം, പൂരം, ഉത്രം(1/4)

ആരോഗ്യസ്ഥിതി മെച്ചപ്പെടും. സ്നേഹബന്ധത്തോടുകൂടിയ കൂട്ടായ്മയിൽ വേർപാടുകൾ വന്നുചേരും. പ്രതീക്ഷിക്കുന്ന ധനാഗമനം മന്ദഗതിയിലാവും. സുഹൃത്തുക്കളിൽനിന്നും വഞ്ചനാപരമായ അനുഭവങ്ങൾ വന്നുചേരും.

കന്നിക്കൂറ്: ഉത്രം (3/4), അത്തം, ചിത്തിര(1/2)

ബുദ്ധിപരമായി നേടിയെടുക്കേണ്ട കാര്യങ്ങളിൽ തടസ്സങ്ങൾ ഉണ്ടാകാൻ ഇടയാകും. സഹോദരങ്ങളുമായി മത്സരത്തിനും ധനനഷ്ടത്തിനും സാധ്യത. പലവിധ തൊഴിലുകളിലേർപ്പെട്ട് വിജയിക്കും.

തുലാക്കൂറ്: ചിത്തിര(1/2), ചോതി, വിശാഖം (3/4)

സ്വന്തമായി എടുക്കുന്ന തീരുമാനങ്ങൾ പലതും വിനയായി ഭവിക്കും. സ്നേഹബന്ധങ്ങൾ ദൃഢപ്പെടുത്താൻ സാധിക്കും. മാനസികമായ ആശങ്കകൾ നിമിത്തം കുടുംബജീവിതം ശിഥിലീകരിക്കാൻ ഇടയാകും.

വൃശ്ചികക്കൂറ്: വിശാഖം (1/4), അനിഴം, തൃക്കേട്ട

വിവാഹാർത്ഥികൾക്ക് ആഗ്രഹസാധ്യത. പുതിയ അറിവുകൾ സമ്പാദിക്കാൻ അവസരം വന്നുചേരും. അലസതയും അലട്ടലുകളും തുടർന്നുകൊണ്ടിരിക്കും. ആരോഗ്യസ്ഥിതി മെച്ചമാകും. ഔദ്യോഗിക രംഗത്ത് മത്സരബുദ്ധിയോടുകൂടിയ പ്രവർത്തനങ്ങൾ നിമിത്തം നഷ്ടങ്ങൾ ഉണ്ടാകും.

ധനുക്കൂറ്: മൂലം, പൂരാടം, ഉത്രാടം(1/4)

കിട്ടിക്കൊണ്ടിരിക്കുന്ന ലൗകിക സുഖസൗകര്യങ്ങൾ നഷ്ടപ്പെടാൻ ഇടവരുന്നതാണ്. മരാമത്തു പണികളുടെ പൂർത്തീകരണത്തിന് കൂടുതൽധനം ചെലവാക്കേണ്ടിവരും. സ്വന്തം ധനം യഥേഷ്ടം ഉപയോഗിക്കുന്നതിന് തടസ്സങ്ങൾ വന്നുചേരും.

മകരക്കൂറ്: ഉത്രാടം(3/4), തിരുവോണം, അവിട്ടം (1/2)

സമൂഹത്തിൽനിന്നും ഉന്നതസ്ഥാനമാനങ്ങൾ ലഭ്യമാകുന്നതാണ്. സ്വജനങ്ങളിൽനിന്നും അതൃപ്തികരമായ അനുഭവങ്ങൾ ഉണ്ടാകും. ആരോഗ്യപരമായ അസ്വസ്ഥതകളും അലട്ടലുകളും ഉണ്ടാകും. വാക്കിനും അധികാരത്തിനും ശക്തി കൂടുന്നതാണ്.

കുംഭക്കൂറ്: അവിട്ടം(1/2), ചതയം, പൂരുരുട്ടാതി(3/4)

പ്രതീക്ഷിക്കാത്ത സാഹചര്യങ്ങളിൽനിന്നും സന്തോഷപ്രദമായ അനുഭവങ്ങൾ വന്നുചേരും. പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ പദ്ധതിയിടും. വാസസ്ഥാനത്ത് പുതുമകളുണ്ടാകുന്നതാണ്.

മീനക്കൂറ്: പൂരുരുട്ടാതി(1/4), ഉത്തൃട്ടാതി, രേവതി

പുതിയ സൗഹൃദങ്ങൾ ജീവിതഗതിയിൽ മാറ്റങ്ങൾ വരുത്തും. ആരോഗ്യം കൂടുതൽ മെച്ചമാകും. ഗൃഹം മോടിപിടിപ്പിക്കും. അസമയത്തുള്ള ദൂരയാത്രകൾ മാറ്റിവയ്ക്കുന്നതാണ് നല്ലത്. കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാവും.

കഥ

ആത്മനിന്ദ

ഉണ്ണി വാരിയത്ത്

ജനിയില്ല സ്വപ്നങ്ങൾ. മോഹങ്ങളുമില്ല. ഭാവിയോ തീരെയില്ല. ഉള്ളതോ ഒന്നിനും കൊള്ളാത്ത ഒരു ജീവിതം, ഉള്ളുപൊള്ളിയ ജീവിതം, അതിലെ തീരാത്ത ദുഃഖം ആർക്കു തീറെഴുതിക്കൊടുക്കാനാണ്!

തന്റെ ദുഃഖം തന്നോടുകൂടെ.

ഓർമ്മകൾ ഓടിക്കൂടുന്നു...

നാനാഭാഗത്തുനിന്നും താക്കീതുകൾ-

"നാടകക്കാരിയെ വിശ്വസിക്കരുത്"

പുച്ഛം കലർന്ന പരിഹാസങ്ങൾ-

"അവളിൽ നീ എന്തു മേന്മയാണ് കണ്ടത്?"

പരിഭവത്തിൽ ചാലിച്ച ഉപദേശങ്ങൾ-

"മുറപ്പെണ്ണു കാത്തിരിക്കെ മറ്റൊരു പെണ്ണിന്റെ പിറകെ പോകുന്നത് മുറയല്ല"

പക്ഷേ, ഒരു വാക്കിനും തന്നെ പിന്തിരിപ്പിക്കാനായില്ല. ദുഃഖിക്കാൻ വിധിക്കപ്പെട്ടതുകൊണ്ടാവാം.

മനസ്സും ബുദ്ധിയും തെറ്റായ ദിശയിലായിപ്പോയി. അറിയാതെ, ശ്രദ്ധിക്കാതെ, മുന്നേറി നാശഗർത്തത്തിൽ പതിക്കുകയായിരുന്നു. നിർഭാഗ്യമെന്നേ പറയേണ്ടൂ.

അനുരാഗം സൃഷ്ടിച്ച ആന്ധ്യവും ബുദ്ധിമാന്ദ്യവും തന്നെ ബാധിച്ചിരുന്നു. ഇല്ലെങ്കിൽ, വെറുമൊരു രംഗദീപമായ നാടകനടിയെ ഗൃഹദീപമാക്കാൻ മോഹിക്കുമായിരുന്നില്ല.

വിശുദ്ധി വിളിച്ചോതുന്ന ഒരു സന്ധ്യാദീപം വർഷങ്ങളായി അവകാശപ്പെട്ടതായിരിക്കെ, വഴിവിളക്കന്വേഷിച്ചുപോയ വിഡ്ഢിയാണല്ലോ താൻ. ചായവും ചമയവുമണിഞ്ഞൊരു മായക്കാരിയുടെ മിഴിയിണയിൽ, മൊഴിയമൃതിൽ, മെയ്യഴകിൽ, മയങ്ങിയ ഭോഷനായിപ്പോയി. സ്വന്തവും ബന്ധവും സ്വത്തും ജീവനും അവൾക്കുവേണ്ടി ത്യജിക്കാൻ തയ്യാറായ തലതിരിഞ്ഞവനായിപ്പോയി.

തന്റെ ഉറച്ച തീരുമാനമറിഞ്ഞപ്പോൾ, കാർമേഘങ്ങളാൽ നീലവാനത്തിന്റെ സൗന്ദര്യം നഷ്ടപ്പെടുന്നതുപോലെ മനസ്സിലെ നൈരാശ്യം നെടുവീർപ്പായുയർന്ന് ധൂമമായ് പടർന്ന് മുറപ്പെണ്ണിന്റെ മുഖം ഇരുണ്ടുപോയിരിക്കാം. കണ്ണീർ തിങ്ങിവിങ്ങി കപോലതടങ്ങളിലൂടെ നിർവിഘ്നം വീണിരിക്കാം. മോഹഭംഗത്തിലേക്ക് മുക്കുകുത്തി വീണ് അംഗഭംഗം സംഭവിച്ച ജീവച്ഛവമായി അവൾ മാറിയിരിക്കാം. അക്കാലത്ത് അവൾ എത്രമാത്രം ദുഃഖിച്ചിരിക്കാമോ അതിലുപരിയായ ദുഃഖം ഇന്ന് താൻ അനുഭവിക്കുന്നുണ്ട്.

ആത്മനിന്ദയാൽ മനസ്സു പുളയുകയാണ്. ഒരു പാവം നാടൻ പെണ്ണ് കാത്തിരിക്കെ ഒരു നാടകപ്പെണ്ണിന്റെ പിറകെ വാലാട്ടിനടക്കുകയായിരുന്ന വിവര ദോഷിയായ തനിക്ക് മാപ്പു ചോദിക്കാൻ പോലും അർഹതയില്ല.

സ്വാർത്ഥ തൽപരനായ തനിക്കുവേണ്ടി കാത്തിരിക്കുന്നത്. അർത്ഥശൂന്യതയാണെന്ന് മുറപ്പെണ്ണിനെ പറഞ്ഞു മനസ്സിലാക്കി വീട്ടുകാർ നിർബന്ധപൂർവം മറ്റൊരാൾക്കു വിവാഹം ചെയ്തുകൊടുത്തു. അവൾ തന്നെ ശപിച്ചു കാണും. അതുകൊണ്ടായിരിക്കാം തന്നെ നാടക്കാരി തഴഞ്ഞത്.

മൃഗമാകാതിരിക്കാൻ തനിക്ക് ഭഗീരഥ പ്രയത്നം വേണ്ടിവന്നു.

അങ്ങനെ, ഒരു നാടകം അവസാനിച്ചു. അവശേഷിച്ചത് ശൂന്യമായ അമ്പലപ്പറമ്പുപോലെ എന്റെ ജീവിതം.

സൂത്രധാരൻ

നോവൽ

ടി.കെ. ശങ്കരനാരായണൻ

അധ്യായം 12

ദൈവജ്ഞനായിരുന്നിട്ടും ആ ചിട്ടകളിൽ ജീവിക്കുമ്പോഴും രാമശേഷനെ മദ്യത്തോടടുപ്പിക്കുന്ന ഗ്രഹമേതായിരിക്കാം?

തഞ്ചാവൂരിലെ ക്ലാസ്സ് മുറി.

കൈത്തണ്ടയിലൂടെ വിയർപ്പൊലിക്കുന്ന ഉച്ച.

ആരാണ് ചോദിച്ചതെന്നോർമ്മയില്ല. അത് പ്രസക്തവുമല്ല. ഉത്തരം ഗംഭീരശബ്ദത്തിൽ മുഴങ്ങി.

"രണ്ടാം ഭാവം ജലരാശിയാവുക...അവിടെ ചൊവ്വയോ ശനിയോ ബലഹീനരായി നിൽക്കുക... ജാതകൻ മദ്യാസക്തിയുള്ളവനായിരിക്കും..."

'രണ്ട്' വാക്സ്ഥാനം. കാലപുരുഷ ഘടനയിൽ 'വായ'വരുന്നത് രണ്ടാം ഭാവത്തിൽ.

ചൊവ്വയ്ക്കും ശനിക്കും മദ്യകാരകത്വമുണ്ട്.

"ഇങ്ങനെ ഗ്രഹസ്ഥിതിയിലുള്ളവർ സ്വയം വിലയിരുത്തുക... പ്രമാണം ശരിയാണോ? പുറത്തു പറയണമെന്നില്ല..."

തന്റെ രണ്ടാം ഭാവം ജലരാശിയല്ല. പക്ഷേ, ചൊവ്വയുണ്ട്. ചൊവ്വയ്ക്ക് അഷ്ടമാധിപത്യം എന്ന വലിയ ദോഷവുമുണ്ട്.

"ലക്ഷണം ഭാഗികമാണെങ്കിൽ ഫലവും ഭാഗികമായിരിക്കും..."

ആ അർത്ഥത്തിൽ ഗുരുനാഥൻ പറഞ്ഞ പ്രമാണത്തിന് ഒരു കൃത്യതയുണ്ട്. താൻ മുഴുക്കുടിയനല്ലല്ലോ.

കുടുംബത്തിലാർക്കും കുടിപ്പഴക്കമുണ്ടായിരുന്നതായി ഓർമ്മയില്ല. കുട്ടിക്കാലത്ത് കുടിയന്മാരെ കാണുന്നതുതന്നെ ഭയമായിരുന്നു. അഗ്രഹാരത്തിൽ ആകെ കുടിച്ചിരുന്നത് കൽപറ്റയിൽ കാപ്പിത്തോട്ടമുള്ള കൊമ്പൻമീശ പാച്ചുവായിരുന്നു. ചെറുപ്പത്തിൽ കുട്ടികൾ വികൃതി കാട്ടുമ്പോൾ അമ്മമാർ പറയും.

"ദാ പാച്ചു വറാൻ..."

അല്ലെങ്കിൽ: "പാച്ചുവ് കൂപ്പിടുവേൻ..."

കുട്ടികൾ വികൃതി നിർത്തി ശാന്തരാവും.

അങ്ങനെ ഒരു കുടികാരന്റെ പേരു പറഞ്ഞ് അമ്മമാർ കാര്യസാധ്യം നടത്തിയിരുന്നു. ഇന്ന് കുടികാരന്റെ പേരു പറഞ്ഞാൽ ഏതെങ്കിലും കുട്ടി ഭയപ്പെടുമോ?

മെഡിക്കൽ റെപ്രസന്റേറ്റീവായിരുന്ന കാലത്താണ് രാമശേഷൻ ആദ്യമായി രുചിച്ചുനോക്കുന്നത്, അതും കോൺഫറൻസിന് കൊച്ചിക്ക് പോയപ്പോൾ. പിന്നെപ്പിന്നെ മേലുദ്യോഗസ്ഥന്മാർ ജോലിക്ക് വരുമ്പോൾ... മനസ്സിനെ അഴിച്ചുവിടുമ്പോൾ കിട്ടുന്ന ഒരു സുഖം ആ നേരങ്ങളിൽ അയാളനുഭവിച്ചു. മനസ്സിന് സംഘർഷങ്ങൾ വരുമ്പോഴെല്ലാം കഴിക്കൽ പിന്നെ ശീലമായി. സംഘർഷങ്ങൾ ജീവിതത്തിന്റെ ഭാഗമായപ്പോൾ ആ ശീലവും കൂടെപ്പോന്നു.

തഞ്ചാവൂരിൽ ജ്യോതിഷ സെമിനാറിനു പോവുമ്പോഴും നിന്നു കഴിക്കാവുന്ന ഇടത്തരം ബാറുകളിൽ കയറുമായിരുന്നു. തന്റെ അരുമശിഷ്യന് ഇങ്ങനെയൊരു മുഖമുണ്ടെന്നറിഞ്ഞാൽ അടിമൈ സെന്തിൽ ദിനകരൻ ആ മുഖം ദർശിക്കില്ല.

ഗുരുനാഥൻ ദൈവജ്ഞരീതികൾ അതേ ചിട്ടയിൽ പിന്തുടരുന്ന ആളായിരുന്നു. ബ്രാഹ്മ മുഹൂർത്തത്തിൽ ഉണർന്നു. കുളിച്ച് രാശി പൂജ ചെയ്തു. നൂറ്റിയെട്ടു കവിടികൾക്കും ഇഷ്ടദേവസങ്കൽപങ്ങൾക്കും പ്രത്യേകം പ്രത്യേകം അഭിഷേകം... അതു കഴിഞ്ഞാൽ ആദിത്യഹൃദയസ്ത്രോത്രം, വിഷ്ണുസഹസ്രനാമം, ഗായത്രീജപം... ഇത്രയുമാവുമ്പോഴേക്കും കിഴക്ക് വെള്ള പൊട്ടാൻ തുടങ്ങും. അരിമുകനേരിയിലെ രണ്ടമ്പലങ്ങളിലും തൊഴുതു വന്ന ശേഷമേ അര ടംബ്ലർ വെള്ളം പോലും കുടിക്കുമായിരുന്നുള്ളൂ. പ്രകൃതിയോട് ഇണങ്ങി ജീവിച്ചു. അതിനാൽ പ്രകൃതിയുടെ ഓരോ ചലനങ്ങളും അടുത്തറിഞ്ഞു. ആകാശം നോക്കി സമയം പറഞ്ഞു. കാറ്റിന്റെ ഗതിയറിഞ്ഞ് മഴ പ്രവചിച്ചു. മനുഷ്യന്റെ മട്ടു കണ്ടാൽ എന്തു പ്രശ്നമാണ് അവനെ അലട്ടുന്നതെന്ന് മനസ്സിലാക്കി. ജാതകമേ വേണ്ടിവന്നില്ല, ഫലം പറയാൻ.

ദൈവജ്ഞ ലക്ഷണങ്ങളാണ് ഒരു ജ്യോതിഷി ആദ്യം മനസ്സിരുത്തേണ്ടതെന്ന് പ്രാരംഭ ക്ലാസ്സിൽ തന്നെ ഗുരുനാഥൻ എടുത്തുപറഞ്ഞു. അങ്ങനെ ജീവിക്കുന്നവനു മാത്രമേ ഈ ശാസ്ത്രം കൈകാര്യം ചെയ്യാൻ അധികാരമുള്ളൂ. വഴങ്ങുകയുമുള്ളൂ.

അമ്പലപ്പാറയിലെ ഗുരുനാഥനും ആദ്യ കൂടിക്കാഴ്ചയിൽ അടിവരയിട്ടത് പ്രശ്നമാർഗത്തിലെ മുതൽ അദ്ധ്യായത്തിലെ വരികൾ–

"ജ്യോതിശ്ശാസ്ത്രത്തിൽ വിദഗ്ദ്ധനും ഗണിതക്രിയകളിൽ സമർത്ഥനും സദാചാരിയും സത്യനിഷ്ഠയുള്ളവനും വിനയമുള്ളവനും വേദങ്ങൾ പഠിച്ചവനും നവഗ്രഹപൂജാതൽപരനും ആയവൻ ദൈവജ്ഞനായിത്തീരട്ടെ..."

തല തിരിഞ്ഞു പിറന്നതുകൊണ്ടാണോ ഒരേ സമയം താനൊരു ദൈവജ്ഞനും വിരുദ്ധജീവിതം നയിക്കുന്നവനുമായത്? ആസക്തികൾക്ക് വേഗം കീഴ്പ്പെട്ടു പോകുന്നത്? എത്ര ശ്രമിച്ചിട്ടും മനസ്സിനെ കുറ്റിയിൽ കെട്ടിയിടാൻ കഴിയാത്തത്? ഇതും പൂർവ്വജന്മാർജ്ജിതമായിരിക്കുമോ?

"അപ്പൊ സാർ ഒരു സംശയം", ശ്യാമ കൈ പൊന്തിച്ചു. "രണ്ടാം ഭാവം ജലരാശിയാവുകയും അവിടെ ശനികുജന്മാർ ബലമില്ലാതെ നിൽക്കുകയും ചെയ്യുമ്പോഴാണല്ലോ മദ്യാസക്തി പറഞ്ഞത്..."

ഒന്നു നിർത്തി.

"അപ്പോൾ അങ്ങനെ ജനിക്കുന്ന സ്ത്രീകളോ? അവർക്കും മദ്യത്തോട് താൽപര്യമുണ്ടായിരിക്കുമോ? നമ്മുടെ നാട്ടിൽ സ്ത്രീകൾ കുടിക്കാറില്ലല്ലോ..."

രാമശേഷന് അക്ഷരാർത്ഥത്തിൽ മയിർക്കൂച്ച് അനുഭവപ്പെട്ടു. എന്തു ബുദ്ധിയുള്ള ചോദ്യം! മുൻപൊരിക്കലും ശ്യാമ ഇവ്വിധമൊരു യുക്തിയിൽ തന്നെ കുഴക്കിയിട്ടില്ല. ചോദ്യം ശരിയല്ലേ? പക്ഷേ എന്താണ് ഇതിനുള്ള ഉത്തരം? സ്ത്രീയും പുരുഷനും ഒരുപോലെയാണോ? ശരീരഘടന, സ്വഭാവം, പെരുമാറ്റം എല്ലാറ്റിലും സൂര്യനും ചന്ദ്രനും പോലെ രണ്ടു ധ്രുവങ്ങളില്ലേ? പുരുഷന് പ്രസവമുണ്ടോ? വിവാഹവിഷയത്തിൽ പുരുഷന്റെ ഏഴാം ഭാവം മാത്രം ചിന്തിക്കുമ്പോൾ ഏഴിനു പുറമേ സ്ത്രീയുടെ എട്ടാം ഭാവവും വിശകലനം ചെയ്യുന്നതെന്തുകൊണ്ട്? സ്ത്രീയെ പൂവിനോടുപമിക്കുമ്പോൾ പുരുഷന് പൂമ്പാറ്റപ്പദവി നൽകിയതെന്തുകൊണ്ട്? സ്ത്രീപുരുഷ ജാതകങ്ങളിലെ പ്രത്യേകതകൾ വിവരിക്കുന്ന അധ്യായം തന്നെയുണ്ടല്ലോ ഹോരയിൽ!

സ്ത്രീയുടെ കണ്ണുകളെ വർണിക്കുന്നു. കപോലങ്ങളെ വർണിക്കുന്നു. മാറിടത്തേയും അരക്കെട്ടിന്റെ അഴകിനേയും വിവരിക്കുന്നു. ഇത്തരം വിവരണങ്ങളിലൊന്നും പുരുഷന്മാർ കടന്നുവരുന്നില്ല.

ഇതിൽ കാര്യമുണ്ടെന്ന് തോന്നിയതുകൊണ്ട് രാമശേഷൻ ആ നൂലിൽ പിടിച്ച് സംസാരിച്ചു. എങ്കിലും ആ ചോദ്യത്തിലെ കറയറ്റ യുക്തിയിൽ അയാൾ ആശ്ചര്യപ്പെടുക തന്നെ ചെയ്തു.

മാധവിക്കുട്ടി ഇന്നും മതത്തിന്റെ തടവറയിലോ?



കാരൂർ സോമൻ

ഗൾഫ് രാജ്യങ്ങളിലെ സമ്പത്തുവഴി ലോകമെങ്ങുമുള്ള പല പ്രമുഖരെയും മതം മാറ്റിയിട്ടുണ്ട്. പ്രമുഖർ മതം മാറിയാൽ മറ്റ് പലരും മതം മാറുമെന്ന് കരുതപ്പെടുന്നു. 1990-കളിൽ ഈ ലേഖകൻ സൗദിയിലുള്ളപ്പോൾ അൽകോബാർ ഇസ്ലാമിക് പ്രൊപ്പഗേഷൻ സെന്ററിൽ ഒറ്റപ്പാലത്തുകാരനായ ഇസ്ലാം വിശ്വാസി മുഹമ്മദ് കുട്ടിക്കൊപ്പം ഒരു പണ്ഡിത സദസ്സിൽ പ്രസംഗിക്കാൻ പോയി. അവിടെ ഒരു കാഴ്ച കണ്ടു. ഏതാനും ഫിലിപ്പിനോ ക്രിസ്ത്യാനികൾ ഇസ്ലാം മതം സ്വീകരിച്ചുവെന്ന് വേദിയിൽ പ്രഖ്യാപിക്കപ്പെട്ടു. എല്ലാം കഴിഞ്ഞ് പുറത്തുവന്നപ്പോൾ ഞാൻ അതിൽ ഒരാളോട് ചോദിച്ചു. താങ്കൾ എന്തുകൊണ്ടാണ് ഇസ്ലാം മതം സ്വീകരിച്ചത്?

സത്യം മൂടിവയ്ക്കുന്നവന് സുഹൃത്തുക്കളെയും സത്യം പറയുന്നവന് ശത്രുക്കളെയും ലഭിക്കുന്ന ഒരു നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു. മാധവിക്കുട്ടിയുടെ കാര്യത്തിൽ സാഹിത്യലോകത്തുള്ളവർ മൗനികളാകാൻ പല കാരണങ്ങൾ കാണാം. ഉള്ളിൽ ഒരൽപം ഭയം കാണാതിരിക്കുമോ? കിട്ടാനിരിക്കുന്ന നേട്ടങ്ങൾ മണ്മറഞ്ഞ ഒരു സ്ത്രീക്കുവേണ്ടി കളഞ്ഞു കുളിക്കണോ?

മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരി മാധവിക്കുട്ടിയോട് മലയാളിക്ക് ഇപ്പോഴും നിറഞ്ഞുതുളുമ്പുന്ന സ്നേഹമാണ്. അവരോട് ക്രൂരത കാട്ടിയാൽ മലയാള ഭാഷയെ സ്നേഹിക്കുന്നവർ പൊറുക്കില്ല. മാധവിക്കുട്ടിയുടെ മതപരിവർത്തനം, ഒരു ജനപ്രതിനിധിയുടെ പങ്ക്, ചതി, ബലാത്സംഗം ഇതൊക്കെ കേൾക്കുമ്പോൾ ആരിലും ഉത്കണ്ഠയേറുക സ്വാഭാവികം. ഒരു പുരുഷൻ അയാളുടെ കാമാതാപമകറ്റാൻ 67 വയസ്സുള്ള സ്ത്രീയെ ബലാൽക്കാരം ചെയ്യുകയെന്നത് ആരിലും ഞെട്ടലുണ്ടാക്കുന്ന കാര്യമാണ്. പല സ്ത്രീ പീഡകരും കോടതിയിൽനിന്ന് നിരപരാധികളായി രക്ഷപ്പെട്ട ചരിത്രവുമുണ്ട്. മതത്തിന്റെ മറവിൽ വോട്ടുപെട്ടി നിറച്ച് ഒളിച്ചോടുന്ന കണ്ണിലുണ്ണികൾ. ഇവർ ചെയ്തുകൂട്ടുന്ന ദ്രോഹം മതമതിലുകൾക്കുള്ളിലുള്ളവർ അറിയുന്നില്ല.

ഇപ്പോൾ പുറത്തുവന്നിരിക്കുന്നത് എ.പി. അഹമ്മദ്, മണ്മറഞ്ഞ ലീല മേനോൻ എന്നിവരുടെ വെളിപ്പെടുത്തലുകളാണ്. അത് കൂടുതൽ വിശ്വസനീയമായ തെളിവുകളായി മാറുന്നു. അഹമ്മദ് പറയുന്നു. ഗ്രീൻ ബുക്ക്സ് ഇറക്കിയ മാധവിക്കുട്ടിയുടെ കനേഡിയൻ സുഹൃത്ത് മെർലിയുടെ പരിഭാഷപ്പെടുത്തിയ പുസ്തകം വായിച്ചാലും ഇല്ലെങ്കിലും ഈ വ്യക്തി മാധവിക്കുട്ടിയെ വഞ്ചിച്ചിരിക്കുന്നു. ഒരു രാത്രിയുടെ യാമങ്ങളിൽ മാധവിക്കുട്ടി മറ്റൊരു മതത്തിന്റെ തടവറയിൽ കാമാവേശത്താൽ ബലാൽക്കാരം ചെയ്യപ്പെട്ടത് ഒരു സ്ത്രീയുടെ ദുർവിധിയായി മാത്രമേ കാണാൻ സാധിക്കൂ. ചില പൂവാലന്മാർ പെൺകുട്ടികളെ പ്രണയം നടിച്ച് ചതിയിൽ വീഴ്ത്താറുണ്ട്. ഇതിൽ ആരോപിക്കപ്പെടുന്നത് കേരളത്തിൽ നിന്നുള്ള ഒരു ജനപ്രതിനിധിയാണ്. ഇന്ത്യയുടെ ജനപ്രതിനിധി സഭയിൽ ധാരാളം ക്രിമിനലുകൾ വേഷംകെട്ടിയാടുന്നത് കാണാറുണ്ട്. കേരളത്തിൽ നിന്നുള്ള ഇങ്ങനെയൊരാൾ മലയാളിയുടെ അഭിമാനത്തെയാണ് ചോദ്യം ചെയ്യുന്നത്.

ഒരു സ്ത്രീ ശാരീരികമായി പീഡിപ്പിക്കപ്പെട്ടാൽ ഏത് മതത്തിൽ ജനിച്ച സ്ത്രീയായാലും അവരുടെ കുലമഹിമയും സദാചാര മൂല്യങ്ങളുമെല്ലാം ലോകാപവാദത്തെ ഭയന്ന് മാറിപ്പോകും. ബുദ്ധിയുള്ളവൾപോലും ബുദ്ധിഹീനയായി മാറ്റപ്പെടും. പുരുഷന് കീഴ്പ്പെട്ടു കഴിഞ്ഞാൽ അവൾ ദാസിയായി മാറിക്കഴിഞ്ഞുവെന്നാണ് പുരുഷകേസരികളുടെ മനസ്സിലിരിപ്പ്. പ്രായമേറിയ വിധവയായ ഒരു സ്ത്രീയുടെ കൈവിരലുകൾപോലും ആ സമയം വിറയ്ക്കുന്നത് സ്വാഭാവികം മാത്രം. കൃഷ്ണനെ പ്രണയിച്ച മാധവിക്കുട്ടിയെ കിഴടക്കിയ കാമവെറിയന്റെ ലക്ഷ്യം മതം മാറ്റിയെടുക്കുക മാത്രമായിരുന്നു. അതിന് കണ്ടുപിടിച്ച കുറുക്കുവഴിയാണ് സംഗീതവും ഗസലുകളും. അതിന് സൗദി അറേബ്യയിൽനിന്ന് വൻ തുകയും ലഭിച്ചതായി പറയുന്നു. ആ തുക ആരൊക്കെ വീതിച്ചെടുത്തു എന്നതിന് ഒരു തെളിവുമില്ല. ഒരു വെടിക്ക് രണ്ട് പക്ഷികൾ. സർക്കാർ ഇടപെടണമെങ്കിൽ ആരെങ്കിലും പരാതി കൊടുക്കണം. പൂച്ചയ്ക്ക് ആര് മണികെട്ടും?

ഗൾഫ് രാജ്യങ്ങളിലെ സമ്പത്തുവഴി ലോകമെങ്ങുമുള്ള പല പ്രമുഖരെയും മതം മാറ്റിയിട്ടുണ്ട്. പ്രമുഖർ മതം മാറിയാൽ മറ്റ് പലരും മതം മാറുമെന്ന് കരുതപ്പെടുന്നു. 1990-കളിൽ ഈ ലേഖകൻ സൗദിയിലുള്ളപ്പോൾ അൽകോബാർ ഇസ്ലാമിക് പ്രൊപ്പഗേഷൻ സെന്ററിൽ ഒറ്റപ്പാലത്തുകാരനായ ഇസ്ലാം വിശ്വാസി മുഹമ്മദ് കുട്ടിക്കൊപ്പം ഒരു പണ്ഡിത സദസ്സിൽ പ്രസംഗിക്കാൻ പോയി. അവിടെ ഒരു കാഴ്ച കണ്ടു. ഏതാനും ഫിലിപ്പിനോ ക്രിസ്ത്യാനികൾ ഇസ്ലാം മതം സ്വീകരിച്ചുവെന്ന് വേദിയിൽ പ്രഖ്യാപിക്കപ്പെട്ടു. എല്ലാം കഴിഞ്ഞ് പുറത്തുവന്നപ്പോൾ ഞാൻ അതിൽ ഒരാളോട് ചോദിച്ചു. താങ്കൾ എന്തുകൊണ്ടാണ് ഇസ്ലാം മതം സ്വീകരിച്ചത്? എന്റെ കമ്പനിയിൽ ഉള്ളവരെല്ലാം ഇസ്ലാം വിശ്വാസികൾ. ഞങ്ങളോട് അവർ മോശമായിട്ടാണ് പെരുമാറുന്നത്. അതിൽനിന്ന് രക്ഷപ്പെടാൻ കണ്ടുപിടിച്ച മാർഗ്ഗമാണിത് എന്നായിരുന്നു ഉത്തരം. സ്വന്തം രാജ്യത്ത് പോകുമ്പോൾ ഈ മതത്തെ ഞങ്ങൾ വലിച്ചെറിയും. മാധവിക്കുട്ടി മതംമാറിയതും ഇതുപോലെ ഒരു പ്രത്യേക സാഹചര്യത്തിലാണ്.

എഡി 530-നുശേഷം മക്ക-മദീനയിൽ പിറവികൊണ്ട ഇസ്ലാം മതം കേരളത്തിൽ വരുന്നത് കച്ചവടക്കാരായിട്ടാണ്. കേരളത്തിൽ വാസ്കോഡി ഗാമ 1497 -ൽ വരുന്നതിന് മുൻപു തന്നെ മതംമാറ്റം തുടങ്ങിയിരുന്നു. ലോകമെങ്ങുമുള്ള സമ്പന്നരെ ഇസ്ലാം മതം കൂടുതൽ ആകർഷിച്ചത് ഒന്നിൽ കൂടുതൽ വിവാഹം കഴിക്കാം എന്ന നിബന്ധനയാണ്. ഗൾഫിലെ സമ്പന്നന്മാർക്ക് ലോകമെങ്ങും ഭാര്യമാരും കാമുകിമാരുമുണ്ട്. അഗാധമായ സ്നേഹം നടിച്ച് ഒരു സ്ത്രീയെ ചതിയിൽപ്പെടുത്തി മതം മാറാൻ നിർബന്ധിച്ചത് എത്ര ലജ്ജാകരമായ കാര്യമാണ്. ഇത് മലയാളിയുടെ സംസ്കാരത്തിന് ചേർന്നതല്ല. മാധവിക്കുട്ടിയോട് ഇങ്ങനെ പെരുമാറിയ വ്യക്തിക്ക് ഒന്നിലധികം ഭാര്യമാരുണ്ടെന്നാണ് അറിയുന്നത്. മതംമാറ്റത്തിന് പലവിധ തന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. ഇവ ഒരു മതത്തിനും ഭൂഷണമല്ല. മതംമാറ്റം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. എന്നാൽ പണം കൊടുത്തും ചതിയിൽപ്പെടുത്തിയും മതംമാറ്റം നടത്തുന്നത് മാന്യന്മാർക്ക് ചേർന്ന പണിയല്ല.

മതങ്ങൾ ഇപ്പോൾ കച്ചവട സ്ഥാപനങ്ങളായതിനാൽ മനുഷ്യരെ നേരായ പാതയിൽ വഴി നടത്താൻ സാധിക്കുന്നില്ല. വഴിപിഴച്ചുപോകുന്ന യൗവനങ്ങൾ. അവരുടെ ഭാവിയെപ്പറ്റി ഒരു ബോധവുമില്ലാത്ത മാതാപിതാക്കൾ. മതബോധനം, ജീവകാരുണ്യം തുടങ്ങിയ പേരുകളിൽ ഗൾഫ് രാജ്യങ്ങളിൽനിന്ന് വരുന്ന പണം പാക്കിസ്ഥാനിൽ നടക്കുന്നതുപോലെ ദരിദ്രരായ, തൊഴിലില്ലാത്ത യുവതീയുവാക്കളെ മതതീവ്രവാദികളായും ചാവേറുകളായും വളർത്തുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ക്രൈസ്തവ മതത്തിനും പണം വരുന്നുണ്ട്. എന്നാൽ ചാവേറുകളെ കാണാറില്ല. വിദേശത്തുനിന്നു വരുന്ന പണത്തെപ്പറ്റി സർക്കാർ വകുപ്പുകൾ വേണ്ടുന്ന ശ്രദ്ധ കൊടുക്കുന്നില്ല.

മാധവിക്കുട്ടിയുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. ആ മനസ്സ് സഞ്ചരിച്ചത് നിറമാർന്നൊരു ഉദ്യാനത്തിലാണ്. അവിടെ കാമദാഹമുള്ള കരിപുരണ്ട വണ്ടുകൾ തനിക്ക് മീതെ പറക്കുന്നുവെന്ന് ഒരിക്കലും മാധവിക്കുട്ടി ചിന്തിച്ചുകാണില്ല. ആരോടും കലർപ്പില്ലാതെ സംസാരിക്കുന്ന മാധവിക്കുട്ടിയുടെ എല്ലാം കൃതികളിലും പ്രണയം, സ്നേഹം തുടങ്ങിയ മനുഷ്യവികാരങ്ങൾ നിറഞ്ഞു നിൽക്കുന്നുണ്ട്. താൻ ഉപയോഗിച്ചിരുന്ന നേർത്ത വസ്ത്രങ്ങൾ മാറ്റി പർദ്ദക്കുള്ളിലായപ്പോൾ എത്രമാത്രം വേദനിച്ചുവെന്ന് ലീലാമേനോനോട് മാധവിക്കുട്ടി സാക്ഷ്യപ്പെടുത്തുന്നു. സ്വന്തം മകൻ തന്നെ അമ്മയോട് പറയുന്നു, അമ്മ പർദ്ദ മാറ്റരുതെന്ന്! അങ്ങനെ സംഭവിച്ചാൽ അവർ ഞങ്ങളെ കൊല്ലുമെന്ന്!!

മാധവിക്കുട്ടി എന്തുകൊണ്ട് ഇത് സമൂഹത്തോട് പറയാതെ മുടിവെച്ചു? ഇങ്ങനെയൊരു കുറ്റം തീർച്ചയായും ആർക്കും ആരോപിക്കാം. സമൂഹത്തിൽ അറിയപ്പെടുന്ന ഒരു സ്ത്രീ താൻ വഴിപിഴച്ചവളെന്ന് ഒരിക്കലും പറയില്ല. തുറന്നുപറഞ്ഞാൽ ആ കുറ്റം തീർച്ചയായും നമ്മൾ മാധവിക്കുട്ടിക്ക് ചാർത്തിക്കൊടുക്കും. സമൂഹത്തിൽ മാന്യൻ എന്നറിയപ്പെടുന്ന ഒരാളെ വിവാദത്തിലേക്ക് വലിച്ചിട്ട് ആരോപണ പ്രത്യാരോപണങ്ങൾ നടത്തേണ്ടെന്ന് കരുതി തന്നെയാണ് വിളറിയ മന്ദഹാസവും ഹൃദയ വ്യഥകളും സഹിച്ചുകൊണ്ട് തന്റെ ഉത്തമ സുഹൃത്തിനോട് എല്ലാം തുറന്നുപറഞ്ഞത്. ഒരിക്കൽ ലീല മേനോനുമായി ഞാൻ സംസാരിച്ചപ്പോൾ മാധവിക്കുട്ടിയും ഞങ്ങളുടെ സംസാരത്തിൽ കടന്നു വന്നു. അന്ന് എന്നോട് പറഞ്ഞ ഒരു വാക്ക് ഇന്നും ഓർക്കുന്നു, "മതംമാറ്റം കമലയെ ഒത്തിരി വേദനിപ്പിച്ചു." ലീലാമേനോൻ ഇതൊക്കെ ലോകമറിയണമെന്ന ഉദ്ദേശ്യത്തോടയാണ് പറഞ്ഞതെന്ന് എനിക്കു തോന്നുന്നു. അത് നാളത്തെ തലമുറയ്ക്കും ഒരു ആധികാരിക രേഖ തന്നെയാണ്.

സ്ത്രീകൾ തൊഴിൽ രംഗത്തും അല്ലാതെയും അനുഭവിക്കുന്ന ചൂഷണങ്ങൾ പുറം ലോകമറിയുന്നില്ല. ഇവിടെയെല്ലാം വേണ്ടത് കർശന ശിക്ഷകളാണ്. കുറ്റവാളികൾ രക്ഷപ്പെടുന്നതിനാൽ ഇരകളുടെ എണ്ണവും കൂടുന്നു. സ്ത്രീ പീഡനങ്ങൾ അഴിമതിപോലെ അഞ്ച് ശതമാനംപോലും പുറത്തുവരാതെ മൂടിവയ്ക്കപ്പെടുന്നു. ഇതുപോലെ മതങ്ങളും മനുഷ്യനെ ചൂഷണം ചെയ്തു ജീവിക്കുന്നു. സമ്പത്തു കൊടുത്ത് മതംമാറ്റം നടത്തുന്നവർ വിറ്റഴിക്കുന്നത് കപട ആത്മീയതയാണ്. ഇന്നത്തെ മതങ്ങൾ വിറ്റഴിക്കപ്പെടുന്ന ഒരുൽപ്പന്നമായി മാറിയതിന്റെ ഗുണഭോക്താക്കൾ മതനേതാക്കന്മാർ തന്നെ.

പ്രതികരണങ്ങൾ

വിധിയെ തോൽപ്പിച്ച പെൺകുട്ടി

വിധിയുടെ കരാളഹസ്തങ്ങൾ വരിഞ്ഞു മുറുക്കിയ ഒരു പെൺകുട്ടി വേദന ശരീരത്തെ മുറുകെ പുണരുമ്പോഴും തന്റെ ജീവിതം വേദനയിൽ തളരാനുള്ളതല്ലെന്നും, ശരീരത്തെ ബാധിച്ചിരിക്കുന്ന രോഗം തന്റെ പ്രയാണത്തിന് തടസ്സമാവരുതെന്നും ദൃഢനിശ്ചയമെടുത്ത് പഠനം തുടർന്നു കൊണ്ടുപോകുന്നു. ഈ കുട്ടി നമ്മുടെ ജീവിതത്തിൽ ഇതുവരെ കാണാത്ത ഒരപൂർവ്വ പ്രതിഭയാണ്. പരിശ്രമവും കഴിവും ഏകോപിപ്പിച്ച് വിധിയെ തോൽപ്പിച്ച പറവൂർകാരി അഞ്ജു ഉണ്ണി വായനക്കാരുടെ മനസ്സിൽ ഒരു നീറ്റലായി നിറഞ്ഞുനിൽക്കുന്നു. തന്റെ സ്വപ്നത്തെ താലോലിച്ച്, അതിന്റെ സാക്ഷാത്കാരത്തിനായി പ്രയത്നിച്ച് വിജയം കണ്ടെത്തിയ ഈ മിടുക്കിക്ക് എല്ലാ നന്മകളും നേരുന്നു. എന്നും നന്മ ചെയ്യുന്നവർക്ക് തുണയായി നിൽക്കുന്ന ജഗദീശ്വരൻ അഞ്ജുവിനെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഗോപീകൃഷ്ണൻ, നന്ത്യാട്ടുകുന്നം, വടക്കൻ പറവൂർ

സാഹിത്യത്തിലെ സർജിക്കൽ സ്ട്രൈക്ക്

സംഘപഥത്തിലൂടെ എന്ന പംക്തിയിലെ അപ്രിയ സത്യങ്ങളും ടി. സുകുമാരനും (12-05-2019) എന്ന ലേഖനം സാംസ്കാരിക മുഖ്യധാര അവഗണിച്ച ഒരു നോവലിസ്റ്റിന്റെ സംഭവബഹുലമായ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. 'രസിക്കാത്ത സത്യങ്ങൾ' എന്ന നോവലിന് ചരിത്രപരമായ പ്രസക്തിയുണ്ട്. 1947-ലെ രാഷ്ട്രവിഭജനം കേരളത്തിൽ പലപ്പോഴും ഒരു 'നോൺ ഇഷ്യു' ആണ്. സാഹിത്യത്തിലും ഇതിന് മതിയായ പ്രാതിനിധ്യം ലഭിച്ചില്ല. ഇതിന് രണ്ട് കാരണങ്ങൾ ഉള്ളതായാണ് തോന്നിയിട്ടുള്ളത്. ഒന്ന്, വിഭജനത്തിന് ഉത്തരവാദികളായവർ കേരളീയർക്ക് ആരാധ്യരായവരാണ്. രണ്ട്, മതത്തിന്റെ പേരിൽ വിഭജനത്തിന് കാരണക്കാരായ മുസ്ലിംലീഗിന് കേരള രാഷ്ട്രീയത്തിൽ ചെലുത്താൻ കഴിഞ്ഞ വലിയ സ്വാധീനം. വിഭജനം അനിവാര്യമായിരുന്നുവെന്ന തെറ്റായ ചരിത്ര-രാഷ്ട്രീയ ബോധമാണ് ഇവിടെ നിലനിൽക്കുന്നത്. ഇതിനെതിരെ പതിറ്റാണ്ടുകൾക്ക് മുമ്പ് സാഹിത്യരംഗത്ത് നടന്ന സർജിക്കൽ സ്ട്രൈക്കായിരുന്നു രസിക്കാത്ത സത്യങ്ങൾ.

സി.വി. വാസുദേവൻ, ഇടപ്പള്ളി, എറണാകുളം

വീണ്ടും ഒരു ഓർമപ്പെടുത്തൽ

ടി. സുകുമാരൻ എന്ന നോവലിസ്റ്റിനെക്കുറിച്ചും രസിക്കാത്ത സത്യങ്ങൾ എന്ന നോവലിനെക്കുറിച്ചും ഓർത്തുവച്ചിട്ടുള്ള കാര്യങ്ങൾ വായനക്കാരെ അറിയിച്ചതിന് പി. നാരായണന് നന്ദി. ഇതിന് മുമ്പ് ജന്മഭൂമി വാരാദ്യപ്പതിപ്പിൽ 'ആ നോവലിസ്റ്റ് ഇവിടെയുണ്ട്' എന്ന കവർസ്റ്റോറി വന്നത് ഓർക്കുന്നു. അതിലൂടെയാണ് ഇങ്ങനെയൊരു എഴുത്തുകാരൻ നമുക്കിടയിൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന് പുതിയ തലമുറ അറിയുന്നത്. വീണ്ടും ഓർമപ്പെടുത്തിയതിന് നന്ദി.

വി.കെ. ബാലചന്ദ്രൻ, ചാലപ്പുറം, കോഴിക്കോട്

ഗുരുനിത്യയോട് കടപ്പാട്

ഗുരു നിത്യചൈതന്യയതിയെക്കുറിച്ചുള്ള ഓർമക്കുറിപ്പ് (ഓർമകളിൽ യതി, ആർ. സുരേഷ്, 12-05-2019) ഹൃദ്യമായി. ഇത്രയും മഹാനായ എഴുത്തുകാരൻ മലയാളത്തിൽ ഉണ്ടെന്ന് തോന്നുന്നില്ല. കല, സാഹിത്യം, ദർശനം, സംഗീതം, ഭാഷ, ചരിത്രം, തത്ത്വചിന്ത, ആത്മീയത എന്നിങ്ങനെ നിരവധി മേഖലകളിൽ അസാധാരണമായ പ്രതിഭാവിലാസത്തോടെ വ്യാപരിക്കുകയും, നിരവധി ഈടുറ്റ ഗ്രന്ഥങ്ങൾ മലയാളത്തിന് സമ്മാനിക്കുകയും ചെയ്ത ഈ മഹാഗുരുവിനോട് മലയാളികൾ എന്നും കടപ്പെട്ടിരിക്കുന്നു.

കെ. കൃഷ്ണകുമാർ, തൃപ്പൂണിത്തുറ

ആ മാമ്പഴക്കാലം ഇവിടെയുണ്ട്

ജന്മഭൂമിയുടെ വാരാന്തപ്പതിപ്പ് (28-04-2019) വായിച്ചപ്പോൾ ഉടനെ എഴുതണമെന്ന് തോന്നി. പണ്ടത്തെ മാമ്പഴക്കാലവും സൗഹൃദവും കൂട്ടായ്മയും അയൽക്കാരായ കുട്ടികളും അവരുടെ 'വിരുന്നുകാരായ' കുട്ടികളും ഒക്കെക്കൂടി കളിച്ചിരുന്നതും കുളിച്ചിരുന്നതും ഒക്കെ സിനിമയിലല്ലാതെ കാണാൻ മോഹം തോന്നുന്നുണ്ടെങ്കിൽ വരൂ.... ഇവിടെ അങ്ങനെ ഒരിടം ഉണ്ട്. പെരുമ്പാവൂരിനടുത്ത് തോട്ടുവാ ധന്വന്തരീ ഗ്രാമത്തിൽ. കാണാം, ആസ്വദിക്കാം, പങ്കുചേരാം, വീണ്ടും വരാം.

200 കൊല്ലത്തിലേറെ പഴക്കമുള്ള ഒരു തറവാടായ, 'തനി ഇല്ല'ത്താണ് കുട്ടികളുടെ ഒത്തുചേരൽ. അവധിക്കാലമാകുമ്പോൾ കുട്ടികൾ ഒത്തുകൂടും. തനി ഇല്ലത്ത് മാമ്പഴം ഇല്ല, പക്ഷേ, രാജേശ്വരിയുടെ മഠം, ജ്യോതിസ്വാമിയുടെ മഠം, വാസുസ്വാമി-വിശ്വസ്വാമിമാരുടെ മഠം- ഇവിടെയൊക്കെ മാമ്പഴം ഉണ്ട്. 'മാങ്ങ വിറ്റ്' കാശാക്കാതെ അവർ കുട്ടികളെ സ്വാഗതം ചെയ്യുന്നു. ചക്കയ്ക്ക് എത്ര വില കൂടിയാലും തനി ഇല്ലത്ത് ചക്ക വിൽക്കില്ല. മറ്റു പലരുടെ വീട്ടിലേയും ചാമ്പക്ക, പാഷൻ ഫ്രൂട്ട്, ചെറുപഴം, പുളി, പുളിങ്കുരു ചുട്ടത് തുടങ്ങിയവയും ഇവരുടെ അടുത്തെത്തും. അങ്ങനെയങ്ങനെ ഒരുപാട് കാര്യങ്ങൾ. പെരിയാറിൽ പോയി കുളിക്കാനും, തോട്ടിൽ പോയി കുളിച്ച് അമ്പലത്തിൽ പോകാനും സൗകര്യമുണ്ട്. വിനോദസഞ്ചാര കേന്ദ്രമായ കാലടി, കോടനാട്, മലയാറ്റൂർ, ഇരിങ്ങോൾകാവ്, കല്ലിൽ ക്ഷേത്രം തുടങ്ങിയവ കാണാൻ കുടുംബസമേതം വരുന്നവർ പലപ്പോഴും 'തനി ഇല്ലം' കൂടി കാണാനെത്താറുണ്ട്. 04842649876, 0484 2649679, മൊബൈൽ: 9446389679, 9447369679 എന്നീ നമ്പരുകളിൽ വിളിച്ചാൽ കൂടുതൽ വിവരങ്ങൾ അറിയാം.

എൻ. ശാരദാമ്മാൾ, ടി.എസ്.പി. നമ്പൂതിരി
കൂവപ്പടി, പെരുമ്പാവൂർ

വായന

ഇ.എൻ.നന്ദകുമാർ

സത്യം മുഴങ്ങുന്ന വാക്കുകൾ

ഈശ്വരൻ ഒന്ന്. എന്നാൽ എല്ലാ മതങ്ങളും ഒന്നല്ല. സ്വമതത്തിലേക്ക് ആളെ ചേർക്കുന്നത് സ്വധർമമാണെന്നു സെമിറ്റിക് മതങ്ങൾ വിശ്വസിക്കുന്നു. അതിനു മിഷണറിമാർക്ക് പുറമേ സ്വർഗം മോഹിക്കുന്ന വിശ്വാസികളും പങ്കുചേരുന്നു. സംഘടിത രൂപം ഇവർക്ക് മാന്യതയും ആധികാരികതയും നൽകുന്നു. ശാസ്ത്രീയമായ മതതാരതമ്യപഠനങ്ങൾ ഇതിന്റെ പൊള്ളത്തരം പുറത്തുകൊണ്ടുവരും. സാമുദായിക ഉച്ചനീചത്വവും സാമ്പത്തിക പിന്നാക്കാവസ്ഥയുമാണ് മതപരിവർത്തന കാരണങ്ങളായി പൊതുവെ കരുതപ്പെടുന്നത്. എന്നാൽ പ്രശസ്തമായ കുടുംബത്തിൽ ജനിച്ചിട്ടും മോശമല്ലാത്ത സാമ്പത്തിക സ്ഥിതി ഉണ്ടായിട്ടും എങ്ങനെ ക്രിസ്ത്യൻ മതമൗലികവാദ ചിന്താഗതികളാൽ സ്വാധീനിക്കപ്പെട്ടെന്നു 'പുനർജനി'യുടെ ജീവിതാനുഭവം പഠിപ്പിക്കുന്നു.

ഹിന്ദുമതത്തിലെ അനാചാരങ്ങളെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിക്കണം. ഒപ്പം സംഘടിത മതങ്ങളുടെ അശാസ്ത്രീയത അവരുടെ ഗ്രന്ഥങ്ങളെ അവലംബിച്ചുതന്നെ ഖണ്ഡിക്കാൻ എങ്ങനെ സാധിക്കുമെന്ന് ഈ ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു. പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും ഉദ്ധരണികൾ അക്കമിട്ടു നിരത്തുന്നു. പരദൈവ വിശ്വാസികളോടുള്ള പകയും വെറുപ്പും ബൈബിൾ വചനങ്ങളെ മുൻനിർത്തി സമർത്ഥിക്കുന്നു. ഗലീലിയോയെ തുറുങ്കിൽ അടച്ചതും കോപ്പർ നിക്കസിന്റെ മൃതശരീരം കുഴിമാടത്തിൽ നിന്ന് മാന്തിയെടുത്തതും ഈ ഗ്രന്ഥത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു. ആർഷ വിദ്യാസമാജത്തിലെ പഠനം എങ്ങനെ ജീവിതത്തിലെ വഴിത്തിരിവായെന്നു ഗ്രന്ഥത്തിലൂടെ തുറന്നുപറയുന്നു.

പുനർജ്ജനി
(ഒരു ജീവിതാനുഭവം)
ആർഷ വിദ്യാസമാജം, തൃപ്പൂണിത്തുറ
ശാന്തികൃഷ്ണ
പേജ്. 156 ₹170/-

പല ചോദ്യങ്ങൾക്കുമുള്ള ഉത്തരം പുനർജനിയിലുണ്ട്. പുതിയനിയമവും പഴയനിയമവും ബൈബിളും ഇവിടെ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കുന്നു. തെറ്റിദ്ധരിപ്പിച്ചും പ്രലോഭിപ്പിച്ചും ചിലർ സ്വർഗവാതിൽ തുറക്കാൻ തയ്യാറാകുന്നു. എന്നാൽ തങ്ങളുടെ അടിസ്ഥാനഗ്രന്ഥങ്ങൾ ഒരിക്കലെങ്കിലും തുറന്നു പഠനവിധേയമാക്കേണ്ടതല്ലേ എന്ന ചോദ്യമാണ് ശ്രീമതി ശാന്തി കൃഷ്ണ 'പുനർജനി'യിലൂടെ ഉന്നയിക്കുന്നത്.

സ്ത്രീ സൗന്ദര്യം പുനർനിർവ്വചിച്ച് ഉയരെ

സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് തനിക്ക് വേണ്ടത് എന്താണെന്ന് ആത്മവിശ്വാസത്തോടെ ഉറക്കെപ്പറയാനുള്ള ആർജ്ജവം കാണിക്കാത്ത യുവതയുടെ പ്രശ്നം മറുവശത്ത്. ഈ രണ്ട് ചേരികൾക്കിടയിലെ സംഘർഷങ്ങളാണ് 'ഉയരെ' പറഞ്ഞുവയ്ക്കുന്നത്

വി.പി. അശ്വതി

സ്ത്രീയായാലും പുരുഷനായാലും സ്വന്തം ചിന്തകളുടെ ആകെത്തുകയാണ് ഒരാളെന്ന ബുദ്ധവചനം ഓർമിപ്പിക്കുന്നതാണ് മനു അശോകൻ സംവിധാനം ചെയ്ത 'ഉയരെ' എന്ന ചിത്രം. പ്രണയിച്ച പെൺകുട്ടി പിൻമാറിയതിന്റെ നീരസത്തിൽ പെട്രോളും മണ്ണെണ്ണയും ഒഴിച്ച് ജീവനോടെ കത്തിച്ചതിന്റെയും കുത്തിപ്പരിക്കേൽപ്പിച്ചതിന്റെയും ആസിഡൊഴിച്ച് മുഖം വികൃതമാക്കിയതിന്റെയുമൊക്കെ വാർത്തകൾ തത്സമയം കാണുന്ന നിലയിലേക്കാണ് മലയാളികളുടെ പരിവർത്തനം. മക്കളോടൊപ്പം വേണ്ടത്ര സമയം ചെലവഴിക്കാൻ ശ്രമിക്കാതെ, മക്കളുടെ താൽപര്യങ്ങൾ മനസ്സിലാക്കാതെ, സമൂഹത്തിന് മുന്നിൽ സ്വയം പ്രദർശിപ്പിക്കാനുള്ള ത്വരയിൽ, സ്വന്തം താൽപര്യങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കുന്ന രക്ഷിതാക്കളുടെ പ്രശ്നം ഒരു വശത്ത്. സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് തനിക്ക് വേണ്ടത് എന്താണെന്ന് ആത്മവിശ്വാസത്തോടെ ഉറക്കെപ്പറയാനുള്ള ആർജ്ജവം കാണിക്കാത്ത യുവതയുടെ പ്രശ്നം മറുവശത്ത്. ഈ രണ്ട് ചേരികൾക്കിടയിലെ സംഘർഷങ്ങളാണ് 'ഉയരെ' പറഞ്ഞുവയ്ക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കേരള സമൂഹം ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ് ഈ ചിത്രം കൈകാര്യം ചെയ്യുന്നത്.

ഉയരങ്ങളിലേക്ക് പറന്ന പാർവ്വതി

ബുദ്ധിയും ചിന്താശേഷിയും ജീവിതാഭിലാഷവുമുള്ള പല്ലവി രവീന്ദ്രൻ എന്ന മലയാളി പെൺകുട്ടിയായി പാർവ്വതി തിരുവോത്ത് മുൻചിത്രങ്ങളിലെ പോലെ തന്നെ സത്യസന്ധമായ അഭിനയ ശേഷിയാണ് വെളിവാക്കുന്നത്. പ്രണയം അകലുന്നതിൽ പരിഭവിച്ച് പരിഭ്രാന്തനായ കൂട്ടുകാരനായി ആസിഫലിയും മധ്യവർഗ്ഗ കുടുംബത്തിലെ പെൺകുട്ടിയുടെ അച്ഛനായി സിദ്ധിക്കും ഓർമയിൽ നിൽക്കുന്ന നടനചാരുതയാണ് പകരുന്നത്. ഉത്തമ പുരുഷൻ ഇങ്ങനെ വേണം എന്ന പരസ്യ വാചകം പോലെയാണ് ടൊവിനോതോമസിന്റെ കഥാപാത്രം വന്നുപോകുന്നത്. യഥാർത്ഥത്തിൽ പാർവ്വതി എന്ന അഭിനേത്രിയുടെ ചിറകുകളിലാണ് 'ഉയരെ'പറന്നുയരുന്നത്.

സർപ്രൈസുകളില്ലാത്ത മേക്കിങ്

തിരക്കഥാകൃത്തെന്ന നിലയ്ക്ക് കഴിവ് തെളിയിച്ചവരാണ് ബോബി-സഞ്ജയ് കൂട്ടുകെട്ട്. പക്ഷെ 'ഉയരെ' സ്ത്രീശാക്തീകരണവും, തകരുന്ന പ്രണയത്തിന്റെ പേരിലുള്ള കടന്നാക്രമണങ്ങളും ബോധപൂർവ്വം പറയാൻ വേണ്ടി തട്ടിക്കൂട്ടിയെടുത്തതാണെന്ന തോന്നൽ പ്രേക്ഷകരിൽ പലപ്പോഴും സൃഷ്ടിക്കുന്നുണ്ട്. അത്ഭുതപ്പെടുത്തുന്ന വഴിത്തിരിവുകളൊന്നുമില്ലാതെ ചിത്രം തുടങ്ങി 10 മിനിട്ടിനകം തന്നെ പ്രേക്ഷകർക്ക് സുതാര്യമായി എല്ലാം ഊഹിക്കാൻ ഇടനൽകി എന്നിടത്താണ് തിരക്കഥാകൃത്തും സംവിധായകനും പുനർവിചിന്തനം നടത്തേണ്ടത്.

പല്ലവി രവീന്ദ്രൻ എന്ന പെൺകുട്ടിയുടെ മനോധൈര്യവും സ്വപ്നസാക്ഷാത്കാരവുമൊക്കെ കുറച്ച് കൂടി വിശദമാക്കി അവതരിപ്പിക്കേണ്ടിയിരുന്നു. അച്ഛന്റെയും സുഹൃത്തുക്കളുടെയും തണലിലും ദയാവായ്പിലും കൂടി മാത്രം ഇടം കണ്ടെത്തുന്ന ഒരു പെൺകുട്ടിയായി പല്ലവിയെ ചുരുക്കിക്കെട്ടാൻ പാടില്ലായിരുന്നു. ലക്ഷ്യസാക്ഷാത്കാരത്തിനായി സ്വന്തം നിലയിൽ അവൾ എന്ത് പരിശ്രമം നടത്തുന്നു എന്ന് ചിന്തിക്കുമ്പോഴാണ് പ്രശ്നം. ആസിഡ് ആക്രമണത്തിന് വിധേയരായി സമാനസാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന സ്ത്രീകളുടെ അടുത്തേയ്ക്ക് ഡൽഹിയിൽവെച്ച് സുഹൃത്തായ പെൺകുട്ടിയാണ് പല്ലവിയെ കൂട്ടിക്കൊണ്ടുപോകുന്നത്. യാദൃശ്ചികമായി പരിചയപ്പെടുന്ന മറ്റൊരു സുഹൃത്താണ് (ടൊവിനോ) ജോലിയിലേക്കും തുടർ സ്വപ്ന സാക്ഷാത്കാരത്തിലേക്കും അവളെ കൈപിടിച്ച് കൊണ്ടുപോകുന്നത്. ആദ്യം അച്ഛനോടും പിന്നീട് പ്രണയിയോടും തുടർന്ന് സുഹൃത്തുക്കളോടുമുള്ള പല്ലവിയുടെ പരാശ്രയത്വത്തിന് കുറച്ച് മിതത്വം വേണ്ടിയിരുന്നു.

നിർജീവമായ ബാക്ക് ഗ്രൗണ്ട് സ്കോർ

ഒരു ചിത്രം പ്രേക്ഷകരോട് വിജയകരമായി സംവദിക്കുന്നതിൽ പശ്ചാത്തല സംഗീതം വഹിക്കുന്ന പങ്ക് ചെറുതല്ല. വികാര നിർഭരമായ മുഹൂർത്തങ്ങൾ ആകർഷണീയമായ ബിജിഎമ്മിലൂടെ പതിന്മടങ്ങ് മനോഹരമാക്കാൻ കഴിയും. അതിന് ഒരുപാട് സാദ്ധ്യത ഉണ്ടായിരുന്ന ചിത്രമാണ് 'ഉയരെ'. എന്തുകൊണ്ടോ ഒരുതരത്തിലും ചിത്രത്തെ സഹായിക്കുന്ന വിധത്തിൽ ഉയരാൻ കഴിയാതെ ബിജിഎം പരാജയപ്പെട്ടുപോയി.

ഉസ്താദ് ഹോട്ടൽ, 1983, ബാംഗ്ലൂർ ഡെയ്സ്, ടേക്ക് ഓഫ് തുടങ്ങിയ ചിത്രങ്ങളിലൂടെ കഴിവ് തെളിയിച്ച സംഗീത സംവിധായകനാണ് ഗോപി സുന്ദറെന്ന കാര്യം മറക്കാനും കഴിയുന്നില്ല.

ഈ കാലം ആവശ്യപ്പെടുന്ന ചിത്രം

ബുദ്ധിയും വകതിരിവുള്ള ഹൃദയവും ചേർന്ന് സ്വാഭിമാനമുള്ള വ്യക്തിത്വമാണ് ഒരാളുടെ യഥാർത്ഥ സൗന്ദര്യം എന്ന് പറയാതെ പറയാൻ 'ഉയരേ'ക്ക് കഴിഞ്ഞിട്ടുണ്ട്. തൊലിവെളുപ്പും പുറം മോടിയും മാത്രമല്ല യഥാർത്ഥ സൗന്ദര്യമെന്ന് ചിത്രം അടിവരയിടുന്നു. ആസിഡാക്രമണത്തിൽ മുഖം നഷ്ടപെട്ട പല്ലവി രവീന്ദ്രൻ ഷാളിന്റെ മറയില്ലാതെ മുഖം കാട്ടാൻ തുടങ്ങുന്നിടത്ത് അസാമാന്യ ധൈര്യമുള്ള സ്ത്രീ സൗന്ദര്യമാണ് നമ്മൾ കാണുന്നത്. അപ്രസക്തമായ ദൈനംദിന കാര്യങ്ങളിൽ തുടങ്ങി വേഷവും ഭക്ഷണവും എന്തിന് മുടിക്കെട്ടുപോലും സ്വന്തം താല്പര്യത്തിന് വിരുദ്ധമായി ചെയ്യേണ്ടി വരുന്ന സ്ത്രീകൾ നിരവധിയുള്ള നാടാണ് കേരളം. ആ തലങ്ങളിൽ നിന്ന് നോക്കുമ്പോൾ 'ഉയരെ' ചില്ലറ കുഴപ്പങ്ങളൊക്കെയുണ്ടെങ്കിലും കാലഘട്ടം ആവശ്യപ്പെടുന്ന ചിത്രം തയൊണ്. ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ് എന്ന നിർമ്മാണ കമ്പനിയുടെ ബാനറിൽ പി.വി. ഗംഗാധരന്റെ പെണ്മക്കളായ ഷെനുഗ,ഷെഗ്ന,ഷെർഗ എന്നിവർ ചേർന്നാണ് രണ്ട് മണിക്കൂർ അഞ്ച് മിനുട്ടുള്ള ചിത്രം നിർമ്മിച്ചത്.

അവധിക്കാലം കഴിയുകയാണ്. ഇക്കുറി സാഹിത്യത്തെപ്പറ്റി ഒരു പ്രശ്നോത്തരി. ഇതിൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളെപ്പറ്റി കൂടുതൽ വായിച്ചറിയുമല്ലോ.

ഹൃദയത്തിൻ രോമാഞ്ചം...

പ്രശ്നോത്തരി

1. മലയാളത്തിലെ ഏറ്റവും വലിയ നോവലാണല്ലോ വിലാസിനി രചിച്ച 'അവകാശികൾ'. ഈ നോവലിന്റെ പശ്ചാത്തലം ഒരു വിദേശ രാജ്യമാണ്. ആ രാജ്യം?

മലേഷ്യ

2. കാറ്റാടി യന്ത്രങ്ങളോട് യുദ്ധത്തിനൊരുമ്പെടുന്ന കഥാനായകനെ സ്പാനിഷ് എഴുത്തുകാരനായ സെർവാന്റസ് സൃഷ്ടിച്ചത് ഏത് കൃതിയിലാണ്?



ഡോൺ കിക്സോട്ട്

3. ഋതുക്കളെപ്പറ്റി വർണിക്കുന്ന കാളിദാസകാവ്യം?

ഋതുസംഹാരം

4. ആർതൻ കോനൻ ഡോയലിന്റെ ഏതു നോവലിലാണ് അനശ്വര കുറ്റാന്വേഷണ കഥാപാത്രമായ ഷെർലക് ഹോംസ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്?

എ സ്റ്റഡി ഇൻ സ്കാർലറ്റ്

5. ചാൾസ് ഡിക്കൻസിന്റെ 'എ ടെയിൻ ഓഫ് ടു സിറ്റീസ്' എന്ന നോവൽ ഏതു ചരിത്ര സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്?

ഫ്രഞ്ച് വിപ്ലവം

6. സാമുവൽ റിച്ചാർഡ്സൺ രചിച്ചതും ഇംഗ്ലീഷ് ഭാഷയിലെ ആദ്യ നോവലുമായ കൃതി കത്തുകളുടെ രൂപത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. പേര്?

പമീല

7. 'ആയിരത്തൊന്നു രാവുകളി'ലെ (അറേബ്യൻ രാവുകൾ) കഥ പറയുന്ന കഥാപാത്രത്തിന്റെ പേര്?

ഷെഹറസാദ്

8. 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന കുട്ടികൃഷ്ണ മാരാരുടെ ലേഖനം ഏതു കൃതിയെപ്പറ്റിയുള്ളതാണ്?

ഉണ്ണുനീലി സന്ദേശം

9. 'ജോസഫ് കെ' എന്ന കഥാപാത്രം ഫ്രാൻസ് കാഫ്കയുടെ ഏതു നോവലിലേതാണ്?

ദ ട്രയൽ (വിചാരണ)

10. റോബിൻസൺ ക്രൂസോ ദ്വീപിലെ തന്റെ ഏകാന്തവാസക്കാലത്ത് കണ്ടുമുട്ടിയ കറുത്തവർഗക്കാരന് നൽകിയ പേര്?

ഫ്രൈഡേ

11. 1917ലെ റഷ്യൻ വിപ്ലവത്തെപ്പറ്റി അമേരിക്കക്കാരനായ ജോൺറീഡ് രചിച്ച ഗ്രന്ഥം?

ടെൻ ഡേയ്സ് ദാറ്റ് ഷുക്ക് ദ വേൾഡ് (ലോകത്തെ പിടിച്ചു കുലുക്കിയ പത്തു ദിവസങ്ങൾ)



12. സ്പാനിഷ് ആഭ്യന്തരയുദ്ധത്തെ ആധാരമാക്കി ഏണസ്റ്റ് ഹെമിങ്വേ രചിച്ച നോവൽ?

ഫോർ ഹൂം ദ ബെൽ ടോൾസ് (മണി മുഴങ്ങുന്നതാർക്കുവേണ്ടി)

13. 'വിരുതൻ ശങ്കു' എന്ന നോവൽ രചിച്ചത്?

കാരാട്ട് അച്യുതമേനോൻ

14. മദനൻ കുമാരനാശാന്റെ ഏതു കാവ്യത്തിലെ നായകനാണ്?

ലീല

15. ലോകത്തിലെ വിഖ്യാത സിനിമകളിൽ ഇടംപിടിച്ച 'ദ ഗോഡ് ഫാദർ' സിനിമകൾ അതേ പേരിലുള്ള ഒരു നോവലിനെ ആധാരമാക്കി നിർമ്മിച്ചവയാണ്. ആരാണു നോവലിസ്റ്റ്?

മരിയോപുസോ



16. യാൻ മാർട്ടെൽ എന്ന കനേഡിയൻ എഴുത്തുകാരൻ രചിച്ച നോവലാണ് 'ലൈഫ് ഓഫ് പൈ'. ആങ്ങ് ലിയുടെ സംവിധാനത്തിൽ ഇത് പിന്നീട് ചലച്ചിത്രമായി. കപ്പൽ ചേതത്തെ തുടർന്ന് പൈയുടെ ചങ്ങാതിയാകുന്ന ഒരു ബംഗാൾ കടുവയുണ്ട് നോവലിൽ. കടുവയുടെ പേര്?

റിച്ചാർഡ് പാർക്കർ

17. 'സിക്സ് ക്യാരക്ടേഴ്സ് ഇൻ സേർച്ച് ഓഫ് ആൻ ഓതർ' (എഴുത്തുകാരനെത്തേടി ആറ് കഥാപാത്രങ്ങൾ) എന്ന ഇറ്റാലിയൻ നാടകം രചിച്ചത്?

ലൂയി പിരാൻഡെലോ

18. 'മാൽഗുഡി' എന്ന സാങ്കല്പിക ദേശം സൃഷ്ടിച്ച ഇന്ത്യൻ എഴുത്തുകാരൻ?

ആർ.കെ. നാരായൺ

19. പൂന്താനത്തിന്റെ 'ജ്ഞാനപ്പാന'യുടെ മാതൃകയിൽ അർണോസ് പാതിരി രചിച്ച കൃതി?

പുത്തൻ പാന

20. മരുഭൂമിയിലുള്ള ഒരു പട്ടണത്തിലെ പുരാതനമായ രാംഭാഗഡ് എന്ന കോട്ട ഏതു മലയാള നോവലിലാണ് കഥാ പശ്ചാത്തലമായിട്ടുള്ളത്?



മരുഭൂമികൾ ഉണ്ടാകുന്നത് (ആനന്ദ്)

21. ധർമ്മപുരി എന്ന സാങ്കല്പിക രാജ്യത്തെ പ്രജാപതി എന്ന ഭരണാധികാരിയുടെ സേച്ഛാധിപത്യ ഭരണത്തെപ്പറ്റിയുള്ള മലയാള നോവൽ?

ധർമ്മപുരാണം (ഒ.വി. വിജയൻ)

22. ഷേക്സ്പിയർ രചിച്ച അവസാനത്തെ നാടകം?

ദ ടു നോബിൾ കിൻസ്മെൻ (ജോൺ ഫ്ളെച്ചറുമായി ചേർന്ന് 1613ൽ എഴുതിയത്)

23. ലാറി കോളിൻസും ഡൊമിനിക് ലാപ്പിയറും ചേർന്ന് രണ്ടാംലോകമഹായുദ്ധകാലത്തെ പാരിസ് വിമോചനത്തെപ്പറ്റി 1965ൽ രചിച്ച കൃതിയാണ് ഈസ് പാരീസ് ബേണിങ്? (Is Paris Burning?) ഗ്രന്ഥനാമം ആരുടെ ചോദ്യമാണ്?

അഡോൾഫ് ഹിറ്റ്ലറുടെ

24. പ്രസിദ്ധ ഇംഗ്ലീഷ് നോവലിസ്റ്റ് ജയിംസ് ജോയ്സിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച ഒരു ഐറിഷ് നാടകകൃത്ത് പിന്നീട് നോബൽ സാഹിത്യസമ്മാനം നേടുകയുണ്ടായി. പേര്?

സാമുവൽ ബെക്കറ്റ്

25. നൈനിത്താൾ പശ്ചാത്തലമാക്കി എം.ടി. വാസുദേവൻ നായർ രചിച്ച നോവൽ?

മഞ്ഞ്

26. 'പുല്ലേലി കുഞ്ചു' എന്ന കഥാപാത്രം അതേ പേരുള്ള നോവലിലേതാണ്. ആരാണ് ഇത് രചിച്ചത്?

ആർച്ച് ഡീക്കൻ കോശി

27. ദ്രൗപദിയുടെ കാഴ്ചപ്പാടിലൂടെ കർണന്റെ കഥ പറയുന്ന നോവലാണല്ലോ 'ഇനി ഞാനുറങ്ങട്ടെ'. നോവലിസ്റ്റ്?

പി.കെ. ബാലകൃഷ്ണൻ

28. 'ഓമഞ്ചി' ഏതു നോവലിലെ കഥാപാത്രമാണ്?

ഒരു തെരുവിന്റെ കഥ (എസ്.കെ. പൊറ്റെക്കാട്)

29. ജാതി വിവേചനത്തിന്റെ ക്രൂരതകളേയും വിദ്യാഭ്യാസത്തിന്റെ മഹത്വത്തെപ്പറ്റിയും വിവരിക്കുന്ന മലയാള നോവലാണ് 1892ൽ രചിക്കപ്പെട്ട 'സരസ്വതി വിജയം'. ഇതിന്റെ രചയിതാവ്?

പോത്തേരി കുഞ്ഞമ്പു

30. ജി. അരവിന്ദന്റെ 'ഉത്തരായണ'ത്തിലെ പ്രസിദ്ധമായ ഒരു ഗാനത്തെപ്പറ്റിയാണ് ചോദ്യം. ഹൃദയത്തിൻ രോമാഞ്ചം... എന്നു തുടങ്ങുന്ന ഈ ഗാനം രചിച്ചത് മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായിരുന്ന ഒരു കവിയാണ്. അദ്ദേഹത്തിന്റെ പേര്?

ജി. കുമാരപിള്ള

31. 'കറുത്ത ദൈവത്തെ തേടി' ആരു രചിച്ച നാടകമാണ്?

ജി. ശങ്കരപ്പിള്ള